KOTTAYAM PUBLIC LIBRARY

Call No. RM390 Acc. No. 11315
ANA-A

Author ആനന്ദ ബുദ്ധോദയ-
ത്തൂറ്, ടി. ജെന്റ്.

Title മെത്തിപ്പട്ട മുത്താ-
വലി

R
M390
ANA-A

No. 11315

# ഐതിഹ്യമുക്താവലി

ഗ്രന്ഥകർത്താ:

ടി. എസ്. അനന്തസുബ്രഹ്മണ്യം

PUBLISHERS:

SAHITHYA NILAYAM PRESS

KALOOR-ERNAKULAM

8 As. വില 8 ണ.

1952

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

M 390

## ഗ്രന്ഥകർത്താവിൻെറ ഇതരകൃതികൾ

| | | | |
|---|---|---|---|
| 1) | ചില കഥകളിനടന്മാർ | .... | വില 12ണ. |
| 2) | ഒ. ചന്തുമേനോൻ | .... .... | ,, 8 ,, |
| 3) | പഞ്ചഗവ്യം (5 പ്രഹസനങ്ങൾ).... | | ,, 12 ,, |
| 4) | ശങ്കരൻെറ വങ്കത്തം (നാടകം) | | ,, 8 ,, |
| 5) | രണ്ടു നാടകങ്ങൾ | } അച്ചടിയിൽ | |
| 6) | നിയമവും വിനോദവും | | |

എല്ലാപുസ്തകങ്ങളും ഗ്രന്ഥകർത്താവിൻെറ താഴെ ചേർക്കുന്ന മേൽവിലാസത്തിലും, ചിലതൊക്കെ ഹിഗ്ഗിൻബോതാംസ് ബുക്ക്സ്റ്റോളുകളിലും, തൃശ്ശൂർ സുന്ദരയ്യേഴ്സ്, പാലക്കാട്ട് എഡ്യൂക്കേഷനൽ സപ്ലൈസ് ഡിപ്പോ, തൃശ്ശൂർ മംഗളോദയം, മദ്രാസ്സ് ജനതാപ്രസ്സ്, കലൂർ സാഹിത്യനിലയം പ്രസ്സ് എന്നിവടങ്ങളിലും കിട്ടുന്നതാണ്.

ഗ്രന്ഥകർത്താവിൻെറ മേൽവിലാസം

SRI T. S. ANANTHASUBRAMANIAM
22/B. Venketachala Naik St.
Komaleswarampet
MOUNT ROAD, MADRAS

'ഐതിഹ്യമുക്താവലി' എന്ന ഈ പുസ്തകത്തിൻെറ കോപ്പികൾ മൊത്തമായാവശ്യമുള്ളവർ താഴെ കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക. പുസ്തകവ്യാപാരികൾക്ക് നല്ല കമ്മീഷൻ. 'നിയമവും വിനോദവും' മുതലായവ അച്ചടിയിൽ.

സാഹിത്യനിലയം പ്രസ്സ് :: SAHITHYA NILAYAM PRESS
കലൂർ, എറണാകുളം KALOOR–ERNAKUKAM

# പ്രസ്താവന

അദ്ധ്യാത്മരാമായണം, ഭാഗവതം മുതലായ പുരാണഗ്രന്ഥങ്ങളെപ്പോലെ പാരായണം ചെയ്യേണ്ടുന്ന പുസ്തകങ്ങളാണ് കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലാഗ്രന്ഥങ്ങൾ. അവയെ പലതവണ വായിച്ചപ്പോൾ ഉണ്ടായ ആവേശമാണ് എനിക്കനുഭവമുള്ളതും ഓൎമ്മയിൽ വന്നതുമായ ഈ കഥകൾ എഴുതുവാൻ എന്നെ പ്രേരിപ്പിച്ചതു്. മലയാളരാജ്യം വാരികയിൽ ഇവയിൽ ചിലതു ഞാൻ അരങ്ങേറുകയും ചെയ്തു. അവയെ വായിച്ചുനോക്കാൻ സംഗതിവന്ന പരേതനായ ഡോ: ചേലനാട്ടു അച്യുതമേനോൻ ഈ കഥകളെ പുസ്തകരൂപമാക്കുന്നതു് ഒരുകാലത്തു കേരളീയൎക്കു ഉപയോഗപ്രദമായിരിക്കുമെന്നു് അഭിപ്രായപ്പെടുകയുണ്ടായി. ആ ആജ്ഞാപുഷ്പം ചൂടുകമാത്രമാണ് ഞാനിപ്പോൾ ചെയ്യുന്നതു്.

'മഹാജനങ്ങൾക്കു രസിക്കുമെങ്കിലീ
മമശ്രമം നിഷ്ഫലമല്ലകേവലം'

എന്നെനിക്കും സമാധാനിക്കാമല്ലോ. ഇതിനു സമുചിതമായ ഒരവതാരിക എഴുതി ഇതിനെ അലങ്കരിച്ച വിദ്വാൻ സി. ജി. വാരിയർ അവർകളോടും, ഇതിന്റെ പ്രസാധകത്വം വഹിക്കുന്ന 'സാഹിത്യനിലയം' പ്രസിദ്ധീകരണശാലയോടും എനിക്കുള്ള കൃതജ്ഞതകൂടി പ്രകാശിപ്പിച്ചുകൊള്ളട്ടെ.

മദ്രാസ്  
25—5—'52

ടി. എസ്. അനന്തസുബ്രഹ്മണ്യം  
ഗ്രന്ഥകൎത്താവ്

# അവതാരിക.

അനേകകാലം മലയാളഭാഷയുടെ മേലദ്ധ്യക്ഷനായിരുന്ന ഡോക്ടർ ചേലനാട്ട് അച്ചുതമേനവനായി പരിചയപ്പെട്ടതിനുശേഷം, ദിവസത്തിൽ ഒരിക്കലെങ്കിലും അദ്ദേഹത്തെ കാണുക എന്നൊരു പതിവ് എനിക്ക് ഉണ്ടായിരുന്നു. ഒരുദിവസം വൈകുന്നേരം ഞാൻ ഡോ: അച്ചുതമേനവൻെറ മുറിയിൽ ചെന്നപ്പോൾ ഒരു 'വയോധികൻ' അദ്ദേഹത്തിന്നെതിരിൽ ഇരിക്കുന്നുണ്ടായിരുന്നു. 'കഥകളി'യെപ്പററിയാണെന്നു തോന്നുന്നു അവർ സംഭാഷണം ചെയ്തിരുന്നതു്. ഞാൻ പിന്നോക്കം തിരിഞ്ഞു് പോരുവാൻ തുടങ്ങിയപ്പോൾ, ശ്രീ: അച്ചുതമേനവൻ പറഞ്ഞു, "നില്ക്കൂ, ഇദ്ദേഹത്തെ പരിചയപ്പെടണം". അങ്ങിനെ ഞങ്ങൾ പരിചയമായി. വയോവൃദ്ധനായ ശ്രീ: അനന്തസുബ്രഹ്മണ്യത്തിൻെറ ഹൃദയം, പരിപൂർണ്ണയൌവനം കടന്നിട്ടില്ലെന്നു് മനസ്സിലായപ്പോൾ എനിക്കുണ്ടായ ആനന്ദം സീമാതീതമായി. "രണ്ടു വയസ്സന്മാരായ ചെറുപ്പക്കാർ" എന്നു് പിന്നീട് പലപ്രാവശ്യവും ഞാൻ ഇദ്ദേഹത്തോട് പറയാറുമുണ്ടായിരുന്നു. "ശലവല്ലയ്യ"രും അനന്തസുബ്രഹ്മണ്യവും ഒരാളാണെന്നു് പിന്നീടാണെനിക്കു് മനസ്സിലായതു്.

ഞങ്ങൾ തമ്മിൽ അടിക്കടികാണും. പത്രലോകത്തിൽ, 'ശലവല്ലയ്യ'രായി രംഗപ്രവേശം ചെയ്തു് പ്രസിദ്ധി സമ്പാദിച്ച ഇദ്ദേഹം എഴുതിയതുമുഴുവൻ ഞാൻ വായിച്ചുനോക്കും. ചെറിയ പുത്രൻെറ മാത്രം പ്രായമെത്തിയ എൻെറ അലസതയും, ഇദ്ദേഹത്തിൻെറ നിരന്തരപരിശ്രമവും, തമ്മിൽ പൊരുത്തപ്പെടാഞ്ഞിട്ടായിരിക്കാം ഞാനും ഇടക്കിടക്കു് എന്തെങ്കിലും എഴുതേണ്ടിവന്നതു്. പിതൃനിർവ്വിശേഷമായ നിർബ്ബന്ധം ഇക്കാര്യത്തിൽ ഉണ്ടായിരുന്നു എന്ന സത്യവും തുറന്നു പറയട്ടെ.

പഴക്കമേറിയ ഇദ്ദേഹത്തിൻെറ പേന ഐതിഹ്യപംക്തികളിലേക്ക് തിരിഞ്ഞു. ഈ മുക്താവലിയിലെ, ഓരോന്നും നേരിട്ടു കണ്ടും, അത്തരത്തിൽ നല്ലവണ്ണം മനസ്സിലാക്കിയും എഴുതിയവയാണ്. അതിനുവേണ്ടി പലതരം അലച്ചിലും ഇദ്ദേഹം നടത്തിയിട്ടുണ്ട്; ഗവേഷണം ചെയ്തിട്ടുണ്ട്. അങ്ങിനെ കൈരളിയുടെ പാദാരവിന്ദങ്ങളിൽ, ഈ ഭക്തൻ പലതും കാണിക്കവെച്ചു—ഒരു ചെറുപ്പക്കാരൻെറ ചുറുചുറുക്കോടെ!

“ഐതിഹ്യമുക്താവലി’യുടെ അവതാരകൻ നിങ്ങളാണ്” എന്ന് എന്നോടു പറഞ്ഞപ്പോൾ എനിക്ക് അത്ഭുതം തോന്നി. ഭാഷാദേവിയുടെ തൃച്ചേവടികളിൽ, പിതൃതുല്യനായ ഇദ്ദേഹമൊന്നിച്ചുതന്നെ കുമ്പിടുവാൻ സന്ദർഭം കിട്ടിയതു്, ഞാൻ സസന്തോഷം സ്വീകരിച്ചു. ഐതിഹ്യങ്ങളെക്കൊണ്ടു് തൊടുത്തുണ്ടാക്കിയ ഈ ‘മാല’, സഹൃദയന്മാരുടെ മുമ്പിൽ കാണിക്കവെക്കുവാൻ, അധികാരം എനിക്കു് തന്നതായിരിക്കാം. മറഞ്ഞു കിടന്നിരുന്ന ഈ മുത്തുമണികളെ തിരിഞ്ഞെടുത്തു് തുടച്ചു മിനുക്കി മാലകോർത്തു് സാഹിത്യരസികന്മാരുടെ കൈയിൽ വില കല്പിക്കുവാൻ ഇതാ സമർപ്പിക്കുന്നു. ഒട്ടും കുറയാത്ത മൂല്യം ഇതിന്നു കിട്ടുമെന്നു് തീർച്ചയാണ്. ഈ ഹാരം ദേവിയുടെ തിരുമാറിടത്തിൽ എന്നെന്നും ശോഭിക്കുകയും ചെയ്യും.

പഴമയുടെ പ്രസാദമാണ് ശ്രീ: അനന്തസുബ്രഹ്മണ്യത്തിൻെറ ഓരോ വാചകത്തിലും കാണുക. തരംകിട്ടിയാൽ ഭംഗിയിൽ പരിഹസിക്കുവാനും പ്രത്യേകം സാമർത്ഥ്യം കാണാം. ഉദാഹരണത്തിനു് എന്നെത്തന്നെ കളിയാക്കിയതു് കാണിക്കാം. “ഇപ്പോൾ ആ വാളും പരിചയും യവനന്മാരുടെ പ്രവേശനത്തിന്നു് മാത്രമായി ഉപയോഗിക്കാം”—ചോലക്കാവു എന്ന ലേഖനം നോക്കുക.

അറുപതുകഴിഞ്ഞ ഇദ്ദേഹത്തിന്ന് ഇരുപതു കഴിഞ്ഞാളുടെ നേരമ്പോക്കും ചൊടിചൊടിക്കുമുണ്ട്. ഈ തൂലികയിൽനിന്നും അനേകം സംഭാവനകൾ ഇനിയും നമുക്കു കിട്ടുമെന്ന് വിശ്വസിക്കുക.

മദിരാശി
23—7—'52 } വിദ്വാൻ, സി. ജി. വാരിയർ

## വിഷയവിവരം


| | | |
|---|---|---|
| i | ഭ്രാന്തൻകല്ല് .... .... .... | 1 |
| ii | എന്തടാ ചാക്യാർകയ്യാ! .... | 5 |
| iii | രായർനല്ലൂർക്ഷേത്രം .... .... | 9 |
| iv | ചേലക്കാവ് .... .... | 12 |
| v | ചമ്രവട്ടത്ത് അയ്യപ്പൻ .... | 16 |
| vi | മൂപ്പൻ .... .... .... | 20 |
| vii | പുത്തൂർക്കാവ് .... .... | 24 |
| viii | പാലക്കാട്ട രാജവംശം.... .... | 28 |
| ix | ചന്ദ്രകുളങ്ങര അയ്യപ്പൻ .... | 34 |
| x | തൃക്കാവിലെ ശ്രീരാമക്ഷേത്രം .... | 38 |
| xi | വെള്ളിയാൻകല്ലും കൊടിക്കുന്നു ക്ഷേത്രവും | 41 |

# ഐതിഹ്യമുക്താവലി

## I

### ഭ്രാന്തൻകല്ലു്

പേരു കണ്ടു് ആരും പേടിക്കേണ്ടാ. വള്ളുവനാട്ടുതാലൂക്കിൽ തിരുവേഗപ്പുറ അംശത്തിലാണു് ഈ ഭ്രാന്തൻകല്ലു് എന്ന സ്ഥലം. പറയിപെററ പന്തിരുകുലത്തിൽ പ്രസിദ്ധനായ നാറാണത്തു ഭ്രാന്തന്റെ പ്രതിഷ്ഠയത്രേ ഈ കല്ലു്. തിരുവേഗപ്പുറക്ഷേത്രത്തിൽ നിന്നും സുമാറു് ഒന്നരനാഴിക കിഴക്കു് കൊപ്പത്തേക്കു പോകുന്ന റോഡിന്റെ വടക്കുഭാഗമായിട്ടാണു് ഈ ഭ്രാന്തൻകല്ലു് കിടക്കുന്നതു്. ഒരു മൊട്ടപ്പറമ്പിൽ വലിയ ഒരു പാറക്കല്ലു്. ഇതിന്റെ വലിപ്പം ഒരു ചെറിയ കുന്നോളം കാണും. ഇതു ഒരു ഉരക്കല്ലാണെന്നു് പഴമക്കാർ പറയുന്നു. കല്ലിന്റെ ചുവട്ടിൽ കിഴക്കുഭാഗത്തായി ഒന്നുരണ്ടു മുഴുമിക്കാത്ത അറകൾ കാണാം. ഈ അറകൾ ഭൂതങ്ങളാൽ നിർമ്മിക്കപ്പെട്ടവയാണെന്നാണു പറഞ്ഞുവരുന്നതു്. മുഴുവനാവുന്നതിനുമുമ്പായി ബ്രാഹ്മമുഹൂർത്തം തുടങ്ങുകയാൽ അങ്ങനെ അപൂർണ്ണാവസ്ഥയിൽ ഇട്ടേച്ചു് ഭൂതങ്ങൾ പോയെന്നാണു ഐതിഹ്യം. അങ്ങനെയാണെങ്കിൽ പിന്നീടൊരിക്കൽ വന്നു് പൂർത്തിയാക്കാഞ്ഞതു് എന്തു കാരണത്താലായിരിക്കുമെന്നു് ആരും പറഞ്ഞുകാണുന്നുമില്ല.

ഏതായാലും, ആ കുന്നിൽ കയറിച്ചെല്ലുവാൻ ഇയ്യിടെയായി പടികൾ വെട്ടീട്ടുണ്ടു്. നൂറിൽ അധികം പടികൾ എണ്ണിനോക്കിക്കാണുകയുണ്ടായി. കൃത്യമായുള്ള എണ്ണം മറന്നുപോയിരിക്കുന്നു. മുകളിൽ നാറാണത്തു ഭ്രാന്തന്റെയും, വിഷ്ണു, ശിവൻ ഗണപതി മുതലായ ദേവന്മാരുടേയും ചെറിയ ചെറിയ ക്ഷേത്രങ്ങൾ കാണാം. ഈ ശിവൻ ഭ്രാന്തന്റെ പ്രതിഷ്ഠയാണെന്നാണു് പരക്കെ പറഞ്ഞുവരുന്നതു്.

ഈ പാറയുടെ മുകളിൽ ഇരുപതോളം കുഴികൾ ഉണ്ടു്. കുളിക്കാനും കുടിക്കാനും വെള്ളം എടുപ്പാൻതക്ക വലുപ്പമുണ്ടു ആ കുഴികൾക്കു്. അററ വേനൽക്കാലത്തും അവയിൽ വെള്ളം ധാരാളമുണ്ടാകും. ഓരോ കുഴിയും ഓരോ സമുദായക്കാർ പ്രത്യേകം പ്രത്യേകമായാണു് ഉപയോഗിച്ചുവരുന്നതു്. കുന്നിന്റെ ചുവട്ടിലുള്ള വീടുകളിൽ ചിലസമയം വെള്ളക്ഷാമം ഉണ്ടായെന്നുവരാം. അപ്പോഴും പ്രസ്തുത കുഴികളിലെ വെള്ളത്തിനു കുറവുവരുന്നതല്ല. ആ കുഴികളിലെ വെള്ളംകൊണ്ടാണു് നിവേദ്യം ഉണ്ടാക്കുന്നതും ദേവനു അഭിഷേകംചെയ്യുന്നതും.

ഒരു നായരാണു് പൂജാരി. എന്നാൽ നിവേദ്യം അവരവർതന്നെ ഉണ്ടാക്കി ദേവനു നിവേദിക്കാമെന്നൊരു പുതുമ ഇവിടെയും കാണുന്നുണ്ടു്. ഓരോജാതിക്കാർക്കും നിവേദ്യം ഉണ്ടാക്കുവാനായി പ്രത്യേകം പ്രത്യേകം തിടപ്പള്ളികൾ ഉണ്ടു്. പണ്ടുകാലങ്ങളിൽ ബ്രാഹ്മണരും അമ്പലവാസികളും ഇവിടെ അധികമായി തൊഴാൻ പോകുന്ന പതിവുണ്ടായിരുന്നില്ല. ഇപ്പോൾ ദർശനത്തിനു് ഇവരും അത്യാവശ്യം പോയിവരുന്നതു കാണാറുണ്ടു്. ശാന്തിക്കാരനെ ഏല്പിച്ചു വഴിപാടുകൾ കഴിക്കുന്നവരും ഇല്ലാതില്ല.

ഇവിടെ നടവരവു് ധാരാളമായുണ്ടു്. നായന്മാരാദിയായവർ കുട്ടികളുടെ ചോറൂണു് മുതലായ കൃത്യങ്ങൾ ഇവിടെവെച്ചു നടത്തിക്കുക പതിവാകുന്നു.

ഇനി, ഈ ഭ്രാന്തൻകല്ലിന്റെ ഐതിഹ്യം നമുക്കറിയണമല്ലോ. നാറാണത്തുഭ്രാന്തന്ന് ആ ദിക്കുകാരായി വളരെ അടുപ്പമുണ്ടെന്നും ഭ്രാന്തന്റെ സ്വദേശം അവിടെയായിരുന്നുവെന്നും പറവാൻ സാദ്ധ്യമല്ല. കൊല്ലത്തിലൊരിക്കൽ അച്ഛന്റെ ശ്രാദ്ധം ഊട്ടുവാൻ അഗ്നിഹോത്രിയുടെ ഇല്ലത്തു എല്ലാവരും കൂടാറുണ്ടെന്ന് 'ഐതിഹ്യമാല' ഒന്നാം പുസ്തകത്തിൽനിന്നു നാം മനസ്സിലാക്കിയിട്ടുണ്ടല്ലോ. അതിന്നു പോകുമ്പോഴൊ വരുമ്പോഴൊ വിശ്രമിക്കാൻ വിജനമായ ഈ സ്ഥലം ഭ്രാന്തൻ ഉപയോഗിച്ചിരിക്കണമെന്നാണ് ഊഹം. ഇവിടെനിന്നു ഏകദേശം അഞ്ചുനാഴികയേയുള്ളു അഗ്നിഹോത്രിയുടെ ഇല്ലത്തേക്കു്. ഭ്രാന്തനെവെച്ചു പൂജിക്കുന്ന സ്ഥലം മറ്റെങ്ങാനും മലബാറിൽ ഉള്ളതായി ഞാൻ അറിയുന്നില്ല. ഹിന്തുക്കൾമാത്രമല്ല മുഹമ്മദീയരിൽ ചിലർക്കൂടി ഈ സ്ഥലമാഹാത്മ്യത്തെ വിശ്വസിച്ചു വരുന്നതായിക്കാണാറുണ്ടു്.

ഈ ക്ഷേത്രസംബന്ധമായി പലേകഥകൾ ഉണ്ടെങ്കിലും അനുഭവമുള്ള ഒരുകഥ ഇവിടെ എടുത്തുപറയാം. ഏതാണ്ടൊരു വ്യാഴവട്ടം മുമ്പു നടന്ന സംഭവമാണ്. ദൃക്സാക്ഷികൾ പലരുമുണ്ടു് ഈ സംഭവത്തിന്നു്.

ഒരുമാതിരി കഴിച്ചിലിനു വകയുള്ള ഒരു തറവാട്ടിലെ യുവതി കുടുംബക്കാരൊന്നിച്ചു ഭ്രാന്തൻകല്ലിലേക്കു് തൊഴാൻ ചെന്നിരുന്നു. തറവാട്ടുവക വഴിപാടും മററും കഴിഞ്ഞു. അതിനിടക്കു് യുവതി സ്വന്തം നിലയിൽ ഒരു പ്രത്യേക പ്രാർത്ഥന നടത്തി. താൻ പ്രസവിച്ചു ഒരാൺകുട്ടി ഉണ്ടായാൽ ഭ്രാന്തൻ കല്ലിൽവെച്ചു ചോറൂണുകഴിക്കാമെന്നു ആ യുവതി നടത്തിയ ആ പ്രാർത്ഥനയുടെ വിവരം അവൾ ആരോടും പറഞ്ഞതുമില്ല. ഏതായാലും, വളരെ താമസിയാതെ അവിടെ നാട്ടുപുറത്തു ഒരു നല്ല പണക്കാരൻ അവളെ വിവാഹം ചെയ്തു. വർഷം തികയുന്നതിന്നുമുമ്പ് ഒരു ഉണ്ണിയും ജനിച്ചു.

ഒരു ആൺകുട്ടി ഉണ്ടായാൽ കുട്ടിക്കു ഗുരുവായൂരിൽവെച്ചു ചോറൂണും തുലാഭാരവും കഴിക്കാമെന്നു ഒരിക്കൽ തിങ്കൾഭജനത്തിന്നു പോയിരുന്നപ്പോൾ ഭർത്താവു പ്രാർത്ഥിച്ചിരുന്നു. ആ വിവരം അദ്ദേഹവും ആരോടും പറഞ്ഞിരുന്നില്ല.

കുട്ടിക്കു ചോറൂണു നടത്താനുള്ള കാലമായി. ഗുരുവായൂർക്കു പോകാനുള്ള ദിവസം ഭർത്താവു തന്നെ നിശ്ചയിക്കയും ചെയ്തു. ഭ്രാന്തൻകല്ലിൽവെച്ചു ചോറൂട്ട് കഴിപ്പാനാണു താൻ നേർന്നിരിക്കുന്നതു എന്നുള്ള വിവരം അപ്പോഴാണ് ഭാര്യ ഭർത്താവിനോടു പറഞ്ഞതു്. പക്ഷെ ഗുരുവായൂരിൽ വെച്ചുനടത്തുന്നതാണു യോഗ്യത എന്നു ഭർത്താവു പറയുകയാൽ യുവതി അതിന്നു എസ്സ്മൂളി എന്നു പറയേണ്ടതില്ലല്ലോ.

പുറപ്പെടുന്നതിന്നു തലേദിവസംവരെ യാതൊരു സുഖക്കേടും ഇല്ലാതിരുന്ന ആ ഉണ്ണിക്കു ഉച്ചതിരിഞ്ഞപ്പോഴെക്കും പലതരത്തിലുള്ള സുഖക്കേടുകൾ തുടങ്ങി. ആറുമാസംമാത്രം പ്രായംചെന്ന ആ കുട്ടി തനി ഭ്രാന്തിന്റെ മട്ടിൽ എന്തൊക്കെയോ കാണിക്കുന്നു! സുപ്രസിദ്ധ മന്ത്രവാദികളായ ചെമ്പ്രഎഴുത്തച്ഛന്മാരെക്കൊണ്ടു പല ക്രിയകളും ചെയ്യിച്ചു. ഫലം കണ്ടില്ല. ഒടുവിൽ കുററിപ്പുറം പണിക്കരെക്കൊണ്ടു രാശിവെയ്പിച്ചു നോക്കി. യുവതി പ്രാർത്ഥിച്ചതാണ് തനിക്കിഷ്ടമെന്നും താൻതന്നെയാണു ഭ്രാന്തൻ കല്ലിലെ ദേവനെന്നും ഗുരുവായൂരപ്പൻ അരുളിച്ചെയ്യുന്നതായി രാശിവശാൽ അറിയാൻകഴിഞ്ഞു. അതിനാൽ ചോറൂണു ഭ്രാന്തൻകല്ലിലും ഗുരുവായൂരിൽവെച്ചു തുലാഭാരവും നടത്തിയാൽ മതിയെന്നായിരുന്നു പണിക്കരുടെ പ്രശ്നവിധി. നവദമ്പതികൾ അപ്രകാരം പ്രാർത്ഥിച്ചുഴിഞ്ഞു വെച്ചു. കുട്ടിയുടെ സുഖക്കേടു വിദ്യുച്ഛക്തിപ്രയോഗത്താലെന്നപോലെ മാറുകയും ചെയ്തു.

ഗുരുവായൂരിൽവെച്ചുനടത്താൻ നിശ്ചയിച്ചിരുന്നതെല്ലാം ഭ്രാന്തൻകല്ലിൽവെച്ചു കെങ്കേമമായി കഴിച്ചുകൂട്ടി. ഇ

ലാഭാരവും മററു ചിലവഴിപാടുകളും ഗുരുവായൂരപ്പൻെറ സന്നിധിയിൽവെച്ചും പൊടിപൊടിച്ചു.

ക്ഷേത്രങ്ങളിലുള്ള ദേവന്മാരെ നാം പലപേരുകളിൽ പ്രാത്ഥിച്ചുവരുന്നുണ്ടെങ്കിലും എല്ലാം ഒന്നുതന്നെയാണെന്നും, എന്നാൽ നാം പലരൂപത്തിൽ സ്മരിക്കുകമാത്രമാണു ചെയ്യുന്നതെന്നും ഇതിനാൽ വ്യക്തമാവുന്നുണ്ടല്ലോ. പറയിപെററ പന്ത്രണ്ടുപേരും സാക്ഷാൽ മഹാവിഷ്ണുവിൻെറ അവതാരമൂത്തികളാണെന്നു അഗ്നിഹോത്രികൾ തൻെറ അന്തജ്ജനത്തിനേയും ഒരു ശ്രാദ്ധത്തിനു ഉണ്ണാൻചെന്നിരുന്ന ബ്രാഹ്മണരേയും ബോദ്ധ്യപ്പെടുത്തിയ കഥ ഇവിടെ സ്മരണീയമാകുന്നു.

## II
## എന്തടാ ചാക്യാർകള്ളാ!

പുരാണപ്രസിദ്ധമായ പന്നിയൂർക്ഷേത്രം പൊന്നാനി താലൂക്കു ആനക്കരഅംശത്താണു സ്ഥിതിചെയ്യുന്നതു്. ഇന്നത്തെനിലയിൽ അധഃപതിച്ച പന്നിയൂർ ഗ്രാമക്കാരെ സൃഷ്ടിച്ച വരാഹമൂത്തിയാണു് ഇവിടത്തെ ദേവൻ. കേരളത്തിലാവട്ടെ, മററുവല്ല സ്ഥലങ്ങളിലാവട്ടെ, വരാഹമൂത്തിയെ പ്രതിഷ്ഠിച്ചിട്ടുള്ള അമ്പലങ്ങൾ ഉള്ളതായി എനിക്കറിവില്ല. ദേവൻെറ ചൈതന്യം അചിന്തനീയമായിരുന്നു. എന്തുകാരണത്താലാണാവോ ആ ശക്തിയെ കുറയ്ക്കുവാൻ അവിടത്തെ നമ്പൂതിരിമാർ പല സാഹസങ്ങളും ചെയ്തതായി പറയപ്പെടുന്നു. പഴുപ്പിച്ച ചെമ്പുകിടാരം ബിംബത്തിൽവെച്ചു കവിഴ്ത്തുകയുണ്ടായത്രെ. എന്നിട്ടും ശക്തിക്കുറവു കാണാഞ്ഞതിനാൽ രജസ്വലയായ ഒരു സ്ത്രീയുടെ വസ്ത്രങ്ങൾവാങ്ങി ബിംബത്തിൽ ചേത്തു അശുദ്ധപ്പെടുത്തിപോലും! അപ്പോൾ തേജോരൂപിയായ മഹാവിഷ്ണു വരാഹരൂപത്തിൽത്തന്നെ ശ്രീകോവിലിൽനിന്നും പുറത്തേയ്ക്കു്—നേരെ കിഴക്കുഭാഗത്തേയ്ക്കു്—"എന്നെ

നശിപ്പിക്കാൻ ശ്രമിക്കുന്ന നിങ്ങളും കൂട്ടുകാരും അധഃപതിച്ചുവരാകട്ടെ" എന്നു പറഞ്ഞുകൊണ്ടു ചാടി. അവിടെനിന്നും പ്രസ്തുതക്ഷേത്രത്തിന്റെ വടക്കുഭാഗത്തായി ഇന്നും കാണുന്ന തടാകത്തിലേയ്ക്കായിരുന്നു രണ്ടാമത്തെ ചാട്ടം. കുപിതനായ വരാഹം തേററകൊണ്ടു ഇരുഭാഗത്തിലുമുള്ള മണ്ണു തോണ്ടി തടാകത്തിലിട്ടു. ആ മണ്ണു ചെറിയൊരു കുന്നുപോലെ വീണുകിടക്കുന്നതിന്നു "തെററിൻകുന്നു" എന്നാണിന്നും പറയുന്നതു്. തെറകൊണ്ടു മാററിയ മണ്ണാൽ തീൎന്ന കുന്നു് എന്നിതിനൎത്ഥമെടുക്കാം. ഇതു് കുററിപ്പുറം, മല്ലൂർ എന്നീ ഭാരതപ്പുഴക്കടത്തുകളുടെ മദ്ധ്യത്തിലായിട്ടാണു കിടക്കുന്നതു്. ഏതായാലും, അതിതേജസ്വിയായിരുന്ന ദേവന്റെ ചൈതന്യം ഇപ്പോഴും വളരെ കുറവാണെന്നു അവിടെ ചെന്നുകാണുന്ന ഏതൊരാൾക്കും തോന്നാതിരിക്കയില്ല.

ഈ സാഹസപ്രവൃത്തികൾ ചെയ്ത നമ്പൂതിരിമാൎക്കു് ആഢ്യത്വം ഇല്ലാതാവുകയും വസ്ത്രംകൊടുത്ത വാരിയർകുടുംബത്തെ മററു സമുദായക്കാർ പുറംതള്ളുകയും ചെയ്തുവത്രെ. ആഢ്യത്വംപോയ ആ നമ്പൂതിരിമാരെ ഉദ്ദേശിച്ചു് 'പന്നി' എന്നും 'സൂകരം' എന്നും നേരംപോക്കായി ഇന്നും നമ്പൂതിരിപ്പാടന്മാർ പറഞ്ഞുവരുന്നതു് ഞാൻ പലപ്പോഴും കേട്ടിട്ടുണ്ടു്.

ഏതായാലും, ഈ അമ്പലം പലപല ഐതിഹ്യങ്ങൾക്കും ഇരിപ്പിടമായ ഒന്നാണെന്നു പ്രഥമദൃഷ്ടിയിൽത്തന്നെ നമുക്കു മനസ്സിലാകും. വളരെയധികം കാലപ്പഴക്കമുള്ള ഈ ക്ഷേത്രത്തിന്റെ പണി ഇന്നും മുഴുമിച്ചുകാണുന്നില്ല. ക്ഷേത്രവളപ്പിൽ വരാഹമൂൎത്തിക്കുപുറമെ പരമശിവൻ മുതലായ ദേവന്മാരുടേയും, ഗണപതി അയ്യപ്പൻ മുതലായ ഉപദേവന്മാരുടേയും ശ്രീകോവിലുകൾ ഉണ്ടു്. ഈ ക്ഷേത്രം ഇന്നും അപൂൎണ്ണമായിരിക്കുവാൻ കാരണം സാക്ഷാൽ പെരുന്തച്ചന്റെ ശാപമോ അനുഗ്രഹമോ ആണെന്നു പഴമക്കാർ പറഞ്ഞുവരുന്നു. വളരെ വലുതായ ഒരു കൂത്തമ്പലത്തിന്റെ തറമാത്രം ഇന്നും

അവിടെ അവശേഷിച്ചുകാണാം. സാധാരണ ക്ഷേത്രങ്ങളിൽ ഉണ്ടാകാറുള്ള കൊടിയേററവും ഉത്സവാദികളും പണ്ടുണ്ടായിരുന്നുവൊ എന്നറിയുകയില്ല. ഇപ്പോൾ നാല്പത്തൊന്നു ദിവസത്തെ മണ്ഡലം മാത്രമാണു പ്രധാനമായി കൊണ്ടാടിവരാറുള്ളതു്. ശ്രീകോവിലിന്റെ പടിഞ്ഞാറെ ഭാഗം പെരുന്തച്ചന്റെ ചെറുളിയും കരിങ്കൽകൊണ്ടുള്ള മുളക്കോലും ഭിത്തിയിന്മേൽ ഇന്നും ഇരിപ്പുണ്ടു്. അടുത്തുള്ള കൂടല്ലൂർ അംശത്തിൽ മുത്തളംകുന്നു എന്ന ശിവക്ഷേത്രം നിൽക്കുന്നതു ഈ തുറയുടെ പിൻഭാഗത്തായിട്ടാണു്. പന്നിയൂർ ക്ഷേത്രത്തിൽ കൂത്തില്ലാതാവാനുള്ള ഐതിഹ്യമാണു് ഈ ലേഖനവിഷയം.

കൂത്തു നടക്കുന്നതിനിടയിൽ കഥാസന്ദർഭംപോലെ സഭാവാസികളിൽ ഓരോരുത്തരേയും ചൂണ്ടിയുംമററും ചാക്യാർ കഠിനമായി ശകാരിക്കുകയും കളിയാക്കുകയും ചെയ്യുന്ന സമ്പ്രദായം ഇന്നത്തേക്കാൾ അക്കാലത്തു അധികമായിരുന്നിരിപ്പാൻ അവകാശമുണ്ടല്ലോ. വലിയ പരിഷശങ്കരനാരായണചാക്യാർ, അമ്മന്നൂർ പരമേശ്വര ചാക്യാർ, പ്രസിദ്ധവാഗ്മിയായ കുട്ടഞ്ചേരി ഇരവിചാക്യാർ, കേളികേട്ട മാധവചാക്യാർ എന്നിവരുടെ നടനങ്ങളും പറഞ്ഞുഫലിപ്പിക്കാനുള്ള വചോപാടവവും അനിതരസാധാരണമായിരുന്നു. ആക്കൂട്ടത്തിൽ എണ്ണപ്പെടാവുന്ന പരമരസികനായ ഒരു മാധവചാക്യാർ എന്റെ പരമസുഹൃത്തായുണ്ടായിരുന്നുവെന്ന വസ്തുത ഞാൻ ഇവിടെ അനുസ്മരിച്ചുകൊള്ളട്ടെ. ചാക്യാന്മാരുടെ പരിഹാസശസ്ത്രങ്ങൾക്കു ഞാൻതന്നെ പലപ്പോഴും പാത്രമായിട്ടുമുണ്ടു്. അതെനിക്കു ബഹുരസമാണു് അന്നും ഇന്നും. 'പൊണ്ണബ്രാഹ്മണ'നെന്നു് സംഗതിവശാൽ എത്രതവണ ചാക്യാന്മാർ എന്നെ കളിയാക്കീട്ടുണ്ടെന്നോ?

ചാക്യാർ എന്തുതന്നെപറഞ്ഞാലും ഒരക്ഷരം രംഗത്തുനിന്നു്-സഭാവാസികൾ ആരുംതന്നെ പറഞ്ഞുപോകരുതെന്നാണല്ലോ നിയമം. അതിന്നു അണുമാത്രം മാററം വരുത്താവുന്ന

ത്തുമല്ല. അങ്ങിനെ ആരെങ്കിലും വല്ലതും പറഞ്ഞുപോയാൽ ചാക്യാർ അരങ്ങത്തുവെച്ചുതന്നെ മുടി (കിരീടം) അഴിക്കയും ചെയ്യും. പിന്നീടു ആ സ്ഥലത്തുവെച്ചു കൂത്തുണ്ടാവുന്നതുമല്ല.

മേല്പറഞ്ഞവരെപ്പോലെ സമർത്ഥനായ ഒരു ചാക്യാർ പന്നിയൂരക്കൂത്തമ്പലത്തിൽവെച്ചു മുടി അഴിച്ചതു നിമിത്തമാണു് അവിടെ കൂത്തു തീരെ നിന്നുപോയതു്.

പതിവായി അവിടെ കൂത്തു നടത്തിക്കൊണ്ടിരുന്ന ഒരു ചാക്യാർ ഒരു ദിവസം കാലത്തു കുളിക്കുന്നതിന്നുമുമ്പു അടുത്തുള്ള അമ്പലവാസിയുടെ ഭവനത്തിലേക്കു ദന്തധാവനത്തിന്നു ഉമിക്കരിയെടുക്കുവാനായി ചെന്നു. ഉമ്മറത്തു ആരെയും കണ്ടില്ല. അടുക്കളയുടെ കോണിലുള്ള ഒരു കൊട്ടയിൽ ഉമിക്കരിയുള്ളതു ചാക്യാൎക്കറിയാം. അതെടുക്കുവാനാണു് ചെന്നതും. അടുക്കളയിൽനിന്നു ചക്കവരട്ടുന്ന ഘ്രാണം ചാക്യാൎക്കനുഭവമായി. ഒരു മധുരപ്പതിനേഴുകാരിയാണു ചക്കവരട്ടുന്നതെന്നും മനസ്സിലായി. ആ സ്ത്രീ അടുക്കളയിൽനിന്നു ചക്കവരട്ടുന്നതും വരണ്ടചക്കയിൽനിന്നു ഒരു കോലിൽ കുറച്ചെടുത്തു സ്വാദുനോക്കി പാകപ്പെടുത്തുന്നതും ചാക്യാർ കൺകോണുകൊണ്ടു കണ്ടുവെങ്കിലും, കണ്ടഭാവം നടിക്കാതെ മന്ദഹസിച്ചുകൊണ്ടു് പുറത്തേക്കു പോന്നു. 'കണ്ണിന്നുകൊണ്ടുകടുകുവറുക്കുന്ന' ആ ലളിതയും ആരോ അതിലെ കടന്നുപോയെന്നല്ലാതെ ആരാണെന്നറിവാൻ ശ്രദ്ധിച്ചതുമില്ല.

അന്നത്തെ കൂത്തിന്നു കഥ പാലാഴിമഥനമായിരുന്നു. കൂത്തുകാണാൻ വന്നവരുടെ കൂട്ടത്തിൽ ഈ ലളിതയും ഉണ്ടായിരുന്നു. ചാക്യാർ അങ്ങിനെ ശ്ലോകാർത്ഥം പറഞ്ഞുപോകുന്നകൂട്ടത്തിൽ, "അമൃതു" കടഞ്ഞുകിട്ടിയശേഷം ആയതു ആസ്വദിക്കാനുള്ള ദേവാസുരന്മാരുടെ ധൃതിയിൽ മോഹിനിരൂപം എടുത്തിരുന്ന ഭഗവാൻ മഹാവിഷ്ണു ആ പാത്രത്തിൽനിന്നും അമൃതു് അല്പം തോണ്ടിയെടുത്തു സ്വാദുനോക്കി" എന്നിങ്ങനെ ഈ സ്ത്രീയെ ചൂണ്ടിക്കൊണ്ടു സരസമായി കഥപറഞ്ഞുതുട

ങ്ങിയപ്പോൾ, നമ്മുടെ ലളിത ചാക്യാരുടെമുമ്പിൽ പിടഞ്ഞെഴുന്നേററുനിന്നു ഏററവും ദേഷ്യത്തോടുകൂടി "എളക്ക്യാലെന്താ, തൊട്ടാലെന്താ, നക്ക്യാലെന്താ, നിനക്കെന്തെടാ ചാക്ക്യാർകയ്യാ" എന്നു് ഉറക്കെ കലശൽകൂട്ടി. അപ്രതീക്ഷിതമായ ഈ സംഭവം രംഗത്തുവെച്ചുതന്നെ ചാക്ക്യാരെക്കൊണ്ടു് മുടിയഴിപ്പിച്ചുവെന്നു പറയേണ്ടതില്ലല്ലോ!

## III
## രായർനല്ലൂർക്ഷേത്രം

തിരുവേഗപ്പുറയിൽനിന്നു കോപ്പത്തേക്കു പോകുന്ന റോഡിൻെറ വടക്കുഭാഗത്തായി ഇവ രണ്ടിൻേറയും മദ്ധ്യത്തിലായി ഒരുയർന്ന മല കാണാം. തെക്കും കിഴക്കും പടിഞ്ഞാറും ഭാഗങ്ങളിൽനിന്നുനോക്കിയാൽ, അടുത്തെങ്ങും പറയത്തക്ക വൃക്ഷങ്ങൾ ഒന്നുമില്ലാതെ വലിയവലിയ പാറക്കല്ലുകളോടുകൂടിയ ഈ മല കുത്തനെ നിൽക്കുന്നതു ദൃശ്യമാകും. വള്ളുവനാട്ടുതാലൂക്കിൽ അടുത്തടുത്തായി വളരെ കുന്നുകൾ ഉണ്ടല്ലോ. എന്നാലും ഒരു പന്ത്രണ്ടുനാഴിക പടിഞ്ഞാറുഭാഗത്തുനിന്നു നോക്കിയാൽപോലും തലഉയർത്തിനില്ക്കുന്ന ഈ മല ഏററവും കൗതുകകരമായ ഒരു കാഴ്ച്ചയാണു നമുക്കു നല്കുന്നതു്. മലയുടെ മുകളിൽ ഒരു പീഠഭൂമിയും, അതിൻെറ മുകളിൽ പച്ചത്തൊപ്പി പതിച്ചപോലുള്ള ഒരു ക്ഷേത്രവും കാണാൻ നല്ല ഭംഗിയുണ്ടു്. ക്ഷേത്രത്തിൻെറ നാലുഭാഗവും നാലഞ്ചു വൃക്ഷങ്ങൾ പച്ചവിരിച്ചങ്ങനെ നില്ക്കുന്നു. അവയിൽ പ്രധാനം അരയാലാണു്.

ഈ കുന്നിൻപുറത്തുള്ളതു ഭഗവതിക്ഷേത്രമത്രേ. നടുമുററത്തോടുകൂടിയ നാലുകെട്ടുപുരയാണു് ക്ഷേത്രസങ്കേതം. ഇവിടെ വിഗ്രഹമില്ല. കാലടിയുടെ ആകൃതിയിലുള്ള ചില പാദപതനങ്ങളാണുള്ളതു്. പ്രയാഗയ്ക്കുപോയിവന്നവർ ക

ണ്ടിരിക്കാമല്ലോ, പിണ്ഡംവെക്കുന്ന ദിക്കിലുള്ള വിഷ്ണുപാദം. അതുപോലെയിരിക്കുന്നു ഈ പാദമുദ്രകൾ.

മരംകൊണ്ടു കാലുകൾനാട്ടി അതിലാണു മാല ചാർത്തുന്നതു്. ഇവിടന്നു സുമാറ് മൂന്നുനാഴികദൂരമുള്ള ഒരു ചെറിയ കുന്നിലാണു പ്രസിദ്ധിപെററ മൂത്തശ്ശിയാർ കാവു്. അവിടെനിന്നും മൂന്നുനാലുനാഴിക പടിഞ്ഞാററാണു മേഴത്തൂർ അഗ്നിഹോത്രിയാൽ പ്രതിഷ്ഠിക്കപ്പെട്ട കൊടിക്കുന്നം മഹാക്ഷേത്രം.

ഈ ദേവികളെ സംബന്ധിച്ചുള്ള ഐതിഹ്യം നാം അറിഞ്ഞിരിക്കേണ്ടതാണല്ലോ. ജ്യേഷ്ഠാനുജത്തിമാരായ സപ്തകന്യകകൾ കേരളം കാണുവാനായി പരദേശത്തുനിന്നു പുറപ്പെട്ടു. കേരളത്തിന്റെ പ്രകൃതിമാഹാത്മ്യം അവരെ ആകർഷിച്ചതായിരിക്കാം. അവരെല്ലാവരുംകൂടി വരുന്ന വഴിക്കു ചില ജനങ്ങൾ 'അസഭ്യവാക്കുകൾ ഓതുന്നതു്' കേട്ടു ഒരു ദേവിക്കു അതിൽ കൗതുകം തോന്നി അവിടെ നിന്നു. അസഭ്യവാക്കുകളിൽ പ്രതിപത്തിതോന്നിയ ആ ദേവിയോടു മററുള്ളവൎക്കു നീരസമാണുണ്ടായതു്. "അസഭ്യവാക്കുകൾ ഇഷ്ടപ്പെടുന്ന നീ ഞങ്ങടെ കൂടെ പോരണ്ടാ. നിന്നെക്കാണാൻ വരുന്നവർ ഇപ്രകാരമുള്ള അസഭ്യവാക്കുകൾ ശരവൎഷം പറഞ്ഞുകൊള്ളട്ടെ" എന്നുപറഞ്ഞു മററു കന്യകകൾ നടന്നു. ഏതായാലും അങ്ങിനെ ഒററപ്പെട്ടവളാണത്രെ ശ്രുതിപ്പെട്ട കൊടുങ്ങല്ലൂർ ഭഗവതി. അങ്ങോട്ടു പോകുന്ന ഭക്തന്മാരുടെ തെറിപ്പാട്ടുകൾ നമുക്കു പരിചിതമാണല്ലോ.

പിന്നെ ആറു പേർ മാത്രമായി യാത്രചെയ്തുകൊണ്ടിരിക്കേ വഴിയിൽ കുറെ ചെറുമികളും ചെറുമക്കളുംകൂടി പാട്ടുപാടി കോൽക്കളി കളിക്കുന്നതു കണ്ടപ്പോൾ ഒരു ദേവിക്കു അതിൽ കൗതുകം തോന്നി അവിടെ നിന്നു. കണക്കന്മാരുടെ കളി കണ്ടു രസിക്കയാൻ മററുള്ളവർ അവളെ അവരുടെ ഈശ്വരിയായിരിപ്പാൻ കല്പിച്ചു യാത്ര തുടൎന്നു. ആ ദേവിയാണു 'കണക്കർകാവിൽ' കുടികൊണ്ട ഭഗവതി.

ബാക്കി അഞ്ചുപേർക്കൂടി യാത്ര ചെയ്യുമ്പോൾ ചില ആന്തൂർ നായന്മാരുടെ (കൊശവന്മാർ) കരകൗശലം കണ്ടു ഒരു ദേവി അവിടെ നിന്നു. അതാണു മുത്തല്ലിയാരകാവു എന്നു പറയാറുള്ള തെക്കെക്കാവു്.

ശേഷിച്ചവർ ഓരോ സ്ഥലത്തായി അധിവാസം തുടങ്ങി. ആ സ്ഥലങ്ങളേയാണു് വടക്കെക്കാവു്, കൊടീക്കുന്നം, തിരുമാന്ധാംകുന്നു്, രായർനല്ലൂര് എന്നു് പഴമക്കാർ പറയുന്നതു്.

തുലാം 1 -ാംനു-യാണു രായർനല്ലൂരിൽ ഏററവും പ്രധാനം. ആയിരക്കണക്കായി ആളുകൾ അവിടെ കൂടും. സവണ്ണർ കാലത്തേ തൊഴുതു മടങ്ങും. ഒരു ഒമ്പതുമണികഴിഞ്ഞാൽ അവണ്ണരുടെ വരവായി. എന്നാൽ അവക്കു ക്ഷേത്രപ്രവേശനം അടുത്തകാലത്തേ അനുവദിച്ചൊള്ളൂ. സവണ്ണരിൽ ഒരു ഭൂരിഭാഗവും, സംക്രമദിവസം, അതായതു തലേന്നു, പൂലേരി എന്ന ക്ഷേത്രത്തിൽ ദശ്നംകഴിഞ്ഞാണു മലകയറുവാൻവരുന്നതു്. ഈ പൂലേരിയും നായർനല്ലൂരുംതമ്മിൽ എന്തോ ഒരുബന്ധമുണ്ടെന്നു അഭിപ്രായമുള്ളവരാണു് പലരും. ത്രിവേണിസംഗമം സംക്രമസമയം പൂലേരിയുള്ള കുളത്തിൽ ഉണ്ടാകുമെന്നു പറയപ്പെടുന്നു. ഈ സംഗമം 1-ാംനു- മലയിലുള്ള ഒരു പാറയിൽ നിന്നുതദവിക്കുന്ന തീത്ഥത്തിലും ഉണ്ടെന്നു വിശ്വസിക്കുന്നു. ഇന്നും പലകാരണവന്മാരും എട്ടും പത്തും നാഴിക നടന്നു് ഈ രണ്ടു സ്ഥലങ്ങളിലും വന്നുചേരുന്നതു കാണാറുണ്ടു്.

മലയുടെ മുകളിൽകയറുവാൻ പടവുകൾ മുമ്പുണ്ടായിരുന്നില്ല. ഇപ്പോൾ വെട്ടിത്തുടങ്ങിട്ടുണ്ടു്. മലയുടെ താഴത്തു ഒരു ശിവക്ഷേത്രവും ഒരു വലിയകുളവുമുണ്ടു്. ഈ കുളത്തിൽകുളിച്ചു ശിവദശ്നം കഴിഞ്ഞശേഷമാണു് കുന്നിൻഭഗവതിയെ തൊഴാൻ പോകാറുപതിവു്.

മലയുടെതാഴെയുള്ള ചില ഇല്ലക്കാരാണു ഊരാളര്. ചെറിയ ചെറിയ ഓട്ടുകിണ്ടികളിൽ എന്തെങ്കിലും നിറച്ചു നടക്കുവെക്കുന്നതാണു് ഭഗവതിക്കു പ്രീതികരമായ വഴിവാടു്.

## IV

## ചോലക്കാവു്

വള്ളുവനാട്ട താലൂക്ക തിരുവേഗപ്പുറ അംശം ചെമ്പ്രദേശത്തു് തിരുവേഗപ്പുറയിൽനിന്നു പള്ളിപ്പുറം റെയിൽവെസ്റ്റേഷനിലേക്ക പോകുന്ന വഴിയുടെ പടിഞ്ഞാറുഭാഗത്തു ഒരു കുന്നിന്റെ അടിവാരത്തിൽ ചെറിയ ഒരു ക്ഷേത്രം കാണാം. മൂന്നു ഭാഗം കുന്നും ഒരു ഭാഗം പാടവുമാണു് ഈ ക്ഷേത്രത്തിന്റെ ചുററുമുള്ളതു്. കുന്നിന്റെ മുകളിൽനിന്നു് നോക്കിയാൽ നല്ലൊരു കാട്ടുമാത്രമാണു് നമുക്ക കാണുവാൻ സാധിക്കുക. ക്ഷേത്രം വളരെ ചെറുതാണെങ്കിലും വളരെ പഴക്കം കൂടിയ ഒന്നാണു്. സ്വയംഭൂവായ ലിംഗമായതുകൊണ്ടു് ശിവനെന്നാണു സങ്കല്പം. മററു പല ദിക്കിലും കേൾക്കുന്നതുപോലെ ഒരു ഐതിഹ്യം ഇവിടേയും പറഞ്ഞുവരുന്നുണ്ടു്.

ഒരു ചെറുമി അവിടെയുള്ള പറമ്പിൽനിന്നു പുല്ലാനി എന്നൊരുതരം തോൽ അരിയുകയായിരുന്നു. അരിവാളിന്നു മൂച്ചുകൂട്ടുവാനായി അവൾ അടുത്തുകണ്ട ഒരു ചെറിയ കല്ലിന്മേൽ ഉരസി. പെട്ടെന്നു ആ കല്ലിൽനിന്നു രക്തം പ്രവഹിക്കുന്നതു കണ്ടു അവൾ പരിഭ്രമിച്ചു് കാട്ടിന്നു പുറമെ അവളുടെ തമ്പുരാനെ തിരഞ്ഞു പാഞ്ഞുതുടങ്ങി.

പിന്നീട്ട ഈ ക്ഷേത്രത്തിന്റെ ഊരാളനായിത്തീൎന്ന ചോലക്കാവിൽ വാരിയരാണു് അവളുടെ തമ്പുരാൻ. തമ്പുരാനെ കാണുന്നതിന്നു മുമ്പു്, അടുത്തുള്ള ഒരു ക്ഷേത്രത്തിൽ ശാന്തികഴിഞ്ഞുവരുന്ന ഒരു നമ്പൂതിരി നിലവിളിച്ചുംകൊണ്ടോടുന്ന ചെറുമിയെ കണ്ടു സംഗതി ചോദിച്ചു.

അപ്പോൾ അവൾ നമ്പൂതിരിയോടു് "അങ്ങോട്ടു പോവരുതേ, അവിടെ ചോരക്കാവാണേ" എന്നു നിലവിളിച്ചുപറഞ്ഞു. ഈ സംഭാഷണത്തിന്നിടയിൽ അവളുടെ തമ്പുരാൻ വാരിയരും അവിടെ വന്നുചേൎന്നു. വൎത്തമാനം കേട്ടു് അവർ

ഇരുവരുംപോയി സ്ഥലം പരിശോധിക്കുകയും ഒരു കല്ലിൽ നിന്നു് രക്തം ഒഴുകുന്നതുകണ്ടു വിസ്മയിക്കുകയും ചെയ്തു. ഉടനെ രണ്ടുപേരും അടുത്തുള്ള ഒരു കളത്തിൽ കുളിച്ചു. കുറച്ചു അരിയും പൂവും വാരിയർ കൊണ്ടുവന്നു. നമ്പൂതിരി ഉടനെ നിവേദ്യമുണ്ടാക്കി സർവ്വേശ്വരസങ്കല്പത്തോടുകൂടി ആ വിഗ്രഹത്തിന്നു പൂജയും നിവേദ്യവും കഴിച്ചു.

ചെറുമി അന്നു ചുററിനടന്നു നിലവിളിച്ചിരുന്ന സ്ഥലത്തിന്നു 'ഘോരക്കാവു്' എന്നു വിളിച്ചുവന്നിരുന്നതു് പിന്നീടു് 'ചോലക്കാവായി' മാറി.

മേലാൽ ചെയ്യേണ്ടുന്ന പദ്ധതികളെ ആലോചിച്ചു തീർച്ചപ്പെടുത്തുവാനായി ഇവർ രണ്ടുപേരും പാഴൂർ കണിയാൻെറ സമീപത്തേക്കാണു് പോയതു്. കണിയാൻെറ വിധി ഇപ്രകാരമായിരുന്നു:

"സ്വയംഭൂവായതുകൊണ്ടു് ശിവന്നു പ്രാധാന്യം കൊടുക്കുക എന്നല്ലാതെ കൃത്യമായി ആ വിഗ്രഹത്തിൻെറ ശക്തി ഇന്നതാണെന്നു തിട്ടപ്പെടുത്തുവാൻ സാദ്ധ്യമല്ല. പുറമെ ആ ദേവന്നു പലെ സ്ഥലങ്ങളിലുമായി സ്വത്തുക്കൾ ഉണ്ടു്. അവയെ വ്യക്തമാക്കുന്ന 'ചെമ്പോല' ബിംബത്തിൻെറ ഒരു ഭാഗത്തായി ഇരുപ്പുണ്ടു്. അതെടുത്തു അതിൽക്കണ്ട നിലങ്ങളിൽനിന്നും പറമ്പുകളിൽനിന്നും മിച്ചവാരം പാട്ടം മുതലായതു പിരിച്ചു ദേവന്നു പൂജാദികൾ നടത്തിക്കൊള്ളുക. എന്നാൽ നിങ്ങളുടെ കുടുംബം ശ്രേയസ്സുള്ളതായിത്തീരും."

പണ്ടത്തെ കണിയാന്മാക്കു് ജ്യോതിഷത്തിൽ ഉണ്ടായിരുന്ന പാടവം എത്രയായിരുന്നവെന്നു് ഇതിൽനിന്നൂഹിക്കാം.

ഏതായാലും രണ്ടുപേരും മടങ്ങി നാട്ടിൽവന്നശേഷം കണിയാൻ പറഞ്ഞതുപോലെയുള്ള പരിപാടികൾ തുടങ്ങി. 'ചെമ്പോല' കണ്ടുപിടിച്ചു. അവിടെനിന്നും മൂന്നും നാലും നാഴിക ദൂരമുള്ള പല നിലങ്ങളും പറമ്പുകളും ദേവസ്വം വകയാണെന്നു തിട്ടപ്പെടുത്തി. കയ്യേറം കിട്ടുവാൻ വിഷമ

മൊന്നും വേണ്ടിവന്നില്ല. അന്നത്തെ കാലത്ത് ദേവസ്വം മുതലുകളെ, പ്രത്യേകിച്ചും ശിവന്റെ സ്വത്തിനെ, അപഹരിപ്പാനൊ അധികാരമില്ലാതെ അവകാശപ്പെടുവാനോ ആരും ധൈര്യപ്പെട്ടിരുന്നില്ല. അന്നുവരെ സാധാരണക്കാരനായിരുന്ന ആ വാരിയരുടെ കുടുംബം അചിരേണ അഭിവൃദ്ധിയെ പ്രാപിച്ചതും ജന്മികളായി തീർന്നതും ഈ ദേവന്റെ അനുഗ്രഹത്താലാണെന്നു എടുത്തു പറയേണ്ടതില്ലല്ലോ.

വാരിയർ ഉടനെ കരിങ്കൽ ഭിത്തിയിൽ സമചതുരമായ ഒരു ക്ഷേത്രം പണിതീർപ്പിച്ചു. എന്നാൽ ഒരു പ്രത്യേകത ഉണ്ട്. താഴികക്കുടം അവിടെ പാടില്ല. കാരണം ആ ദേവനു വെയിലും മഴയും എപ്പോഴും തട്ടിക്കൊണ്ടിരിക്കണമത്രെ.

കാവു എന്നു സാധാരണയായി പറയാറുള്ളത്, ദേവീക്ഷേത്രങ്ങളെയൊ, അയ്യപ്പൻ, വേട്ടക്കൊരുമകൻ ഇവരുടെ ക്ഷേത്രങ്ങളെയൊ ഉദ്ദേശിച്ചാണല്ലൊ. ശിവന്റെയോ വിഷ്ണുവിന്റെയോ ക്ഷേത്രങ്ങൾക്കു 'കാവു' എന്നു വിളിച്ചു ഞാൻ ഇതുവരെ കേട്ടിട്ടില്ല. അതിനാൽ ആ വിഗ്രഹം ശൈവസംബന്ധമായ അയ്യപ്പനോ മറ്റോ ആയിരിക്കുമെന്നാണ് എന്റെ ഊഹം.

അന്ന് എല്ലാററിനും ഒത്താശചെയ്ത ആ നമ്പൂതിരിയുടെ കുടുംബങ്ങൾതന്നെയാണ് ഇന്നും ഈ ക്ഷേത്രത്തിലെ ശാന്തി. ആ മൂലവാരിയത്തിലെ ഒരു ശാഖയാണ് ഇന്നും കേളികേട്ട തറക്കൽ വാരിയം. ശാന്തിക്കാരന്റെ ഇല്ലത്തേക്കും ഒരു വിധം സുഖമായി കഴിഞ്ഞുകൂടാനുള്ള വക കാണും.

പിന്നെ ഒരു വിശേഷമുള്ളതു ഇവിടെ കഴകത്തിന്നു പ്രത്യേകം ഒരാളെ ഏർപ്പാടു ചെയ്തിട്ടില്ല എന്നുള്ളതാണ്. കഴകജീവിതം പരിചയമുള്ളവരാണല്ലൊ ഊരായ്മ വഹിക്കുന്നതും.

ഇതിന്നുപുറമെ, ഈ വാരിയർ കുടുംബത്തിലെ പുരുഷന്മാർ—ഇപ്പോഴത്തെ കാരണവരുടെ അമ്മാമൻവരെ—കളരി

ല്പയററം വാറംപ്രയോഗവും അഭ്യസിച്ചുവന്നവരായിരുന്ന വെന്നകൂടി ഒരു വിശേഷമുണ്ടു്. ഇപ്പോറം ആ വാളും പരിചയും അംബെരീഷം ആട്ടക്കഥയിൽ യവനന്മാരുടെ പുറപ്പാടിന്നു മാത്രം ഉതകുന്നവയാവാം.

അസൂയാലുക്കളായ അടുത്തുള്ള ചിലപ്രമാണികറം ഇടക്കാലത്തു് ഈ വസ്തുക്കറം തട്ടിപ്പറിപ്പാൻ ശ്രമിച്ചതും ഒടുവിൽ ഭഗ്നാശയരായിത്തീൎന്നതും കൂടി ഇവിടെ സൂചിപ്പിച്ചു കൊള്ളുന്നു.

ഈ ക്ഷേത്രത്തിന്നു സമീപം മൂന്നു നാലു ഇല്ലങ്ങളുണ്ടു്. സാമാന്യം ഭേദപ്പെട്ട ജന്മിമാരാണു ഇവർ. അവൎക്കു സ്വന്തമായി ക്ഷേത്രങ്ങളുമുണ്ടു്. ഇല്ലംവകയായ വഴിപാടുകറം അവർ കഴിക്കുന്നതു അവരവരുടെ സ്വന്തം ക്ഷേത്രങ്ങളിൽ വെച്ചാണെങ്കിലും അതേ വഴിപാടുകറം ഈ കാവിലും കൂടി നടത്തണം. അല്ലാതെ പോയാൽ ദൈവകോപം പ്രത്യക്ഷത്തിൽ അനുഭവമാകാറുണ്ടു്. 'ധാര'യാണു ദേവന്നു പ്രധാനം. അടുത്തുള്ള വേട്ടക്കൊരുമകൻ കാവിൽ ചുററുവിളക്കും.

ഇനിയൊരുസംഗതിയാണു് അതിശയമായി തോന്നുന്നതു്. ദേവൻ തിരിഞ്ഞിരിക്കുന്നതു കിഴക്കോട്ടു അഭിമുഖമായാണു്. എന്നാൽ അവിടെ നട ഇല്ല. വടക്കും പടിഞ്ഞാറുമാണു പ്രവേശനദ്വാരം.

ക്ഷേത്രത്തിൻെറ നിരൃതികോണിൽ ഒരു കൊക്കണെറി ഉണ്ടു്. അതു ക്ഷേത്രത്തിൽനിന്നു നാല്പതമ്പതടി താഴെയുള്ള ഒരു പാടത്താണു്. അററവേനലിലും ഇവിടെ സ്ഫടികസമാനമായ വെള്ളമുണ്ടു്. അവിടെനിന്നാണു വെള്ളം എടുത്തു് ദേവന്നു അഭിഷേകം ചെയ്യേണ്ടതു്. എന്നാൽ കുറച്ചു ഉള്ളോട്ടു പോകേണ്ടതു പേടിച്ചു ഊരാളരുടെ വാരിയത്തുള്ള കിണററിൽ നിന്നും വെള്ളംകോരി അഭിഷേകാദികറം ചെയ്തുവരുന്നതും കാണാം. ശിവനും ഭോഗാരണം.

## V

## ചമ്രവട്ടത്ത് അയ്യപ്പൻ

മലബാറിലുള്ള ക്ഷേത്രങ്ങളിൽവെച്ചു എല്ലാംകൊണ്ടും പ്രാധാന്യം കൂടിയ ഒന്നാണു ചമ്രവട്ടം. ക്ഷേത്രത്തിന്റെ വലിപ്പംകൊണ്ടല്ല, ദേവന്റെ ചൈതന്യംകൊണ്ടു്. ക്ഷേത്രം വളരെ ചെറുതാണെന്നും. തിരൂര് തീവണ്ടി ആഫീസിൽനിന്നു് വണ്ടിഗതാഗതം റോഡുവഴിക്കു പൊന്നാനിക്കു പോകുമ്പോഴും ഒരു പുഴ കടക്കേണ്ടതായുണ്ടു്. അതാണു ഭാരതപ്പുഴ, അഥവാ പേരാറു്. ഈ കടവുവക്കത്താണു് ക്ഷേത്രം. പാലക്കാട്ടുശ്ശേരിയിലുള്ള അകത്തേത്തറ മലയിൽനിന്നുത്ഭവിച്ചു പറളി മുതലായ റയിൽവെ നിരത്തിന്നു സമീപത്തിലും തിരുവില്വാമല, തിരുവഞ്ചിക്കുഴി, തിരുമിററക്കോടു്, തൃത്താല വഴി എടക്കുളം സ്റ്റേഷൻവരെ വന്നു അവിടന്നു ചരിത്രപ്രസിദ്ധമായ തിരുനാവായക്കൂടി തിരിഞ്ഞു് ചമ്രവട്ടം കടവിലൂടെ പൊന്നാനി തുറമുഖത്തുചെന്നു ചേരുന്നു ഈ ഭാരതപ്പുഴ. ക്ഷേത്രം സ്ഥിതിചെയ്യുന്നതു പുഴയുടെ ഒരു കരവക്കത്തുള്ള പാറപ്പുറത്താണു്. നാലുഭാഗവും വെള്ളമാണു്. വിഗ്രഹം കാഴ്ചക്കു ഒരു ശിവലിംഗമാണെന്നു തോന്നും. ക്ഷേത്രത്തിന്റെ തൊട്ടു വടക്കായി ഒരു ഇല്ലമുണ്ടു്. അതാണു കുററിശ്ശീരി. ക്ഷേത്രത്തിലെ ഊരാളർ ഈ ഇല്ലക്കാർമാത്രമാണു്. ദേവസ്വംബോർഡിൽനിന്നു ഈ ക്ഷേത്രവും തങ്ങളുടെ അധീനതക്കു കൊണ്ടുവരുവാൻ ഭഗീരഥപ്രയത്നം ചെയ്തുവെങ്കിലും ഫലവത്തായില്ല. വഴിപാടുകളും നടവരവും ധാരാളമായുണ്ടു്. പകൽ കൂട്ടുപായസവും വൈകുന്നേരം അടയുമാണു് പ്രധാന നിവേദ്യം. ഈ ക്ഷേത്രസംബന്ധമായി പല സംഭവകഥകളുമുണ്ടു്. അതിലൊന്നു ഇവിടെ ചുരുക്കിപ്പറയാം.

1924-ാമതു കൊല്ലത്തിൽ വലിയൊരു വെള്ളപ്പൊക്കമുണ്ടായതു മറക്കുവാൻ സംഗതിയില്ലല്ലോ. ഞാൻ തിരൂരിൽ

ഇരുന്നിരുന്ന കാലം. പേരാർപുഴയിൽ മഴക്കാലങ്ങളിൽ പ്രവാഹം പതിവാണെങ്കിലും അക്കൊല്ലം നിരീക്കാത്തവിധം ഇരുകരകളിലും പതിവിലധികം ശക്തിയോടുകൂടി വെള്ളം കവിഞ്ഞൊഴുകി. തീവണ്ടി ഗതാഗതം തീരെ നിലച്ചു. ചമ്രവട്ടത്തു കടവിൽ വഞ്ചിവഴിക്കുള്ള ഗതാഗതം ഒട്ടും ഇല്ലാതായി. ഈ കടവിൽ ഇരുഭാഗത്തും സുമാറു് അര നാഴിക ദൂരം വെള്ളംകയറി വളരെ ദിവസം നിലനിന്നതിനാൽ അടുത്തുള്ള കുടിക്കാർ കെട്ടും പെട്ടിയുംപേറി കുഞ്ഞുകുട്ടികളോടുകൂടി അകലെയുള്ള സ്ഥലങ്ങളിൽ അഭയം പ്രാപിച്ചു. പൊന്നാനി, തിരൂര, ചാവക്കാടു, ഈ പ്രദേശങ്ങളിലെ പബ്ലിക്ക സ്ഥലങ്ങളിലേക്കു കക്ഷികൾക്കു വന്നു ചേരുവാൻ നിവൃത്തിയില്ലാതെയായതിനാൽ കേസ്സുകൾ ഒന്നും വിചാരണക്കെടുക്കാതെ ഗുമസ്ഥന്മാർ നീട്ടിവെച്ചു. പല വീടുകൾ ഇടിഞ്ഞു വീഴുകയും മരങ്ങൾ പുഴങ്ങിവീണു ഗതാഗതം മുടങ്ങുകയുംചെയ്തു. ക്ഷേത്രം ഒന്നിൽച്ചില്വാനം മാസത്തോളം വെള്ളത്തിൽ ആണ്ടുകിടന്നു. തൊട്ടടുത്താണല്ലോ കുററിശ്ശേരി. ആ ഇല്ലപ്പറമ്പിലും കയറി കലശലായി വെള്ളം. കൊല്ലംതോറും പുഴയിൽ വെള്ളം പെരുകി ക്ഷേത്രത്തിൽ കടന്നു്, പൂജാദികൾക്കു നിവൃത്തിയില്ലാതെവരുമ്പോൾ ഇല്ലത്തിരുന്നുകൊണ്ടാണു് ദേവനെ സങ്കല്പിച്ചു ശാന്തിക്കാരൻ പൂജിച്ചുവരാറു്. ഇല്ലപ്പറമ്പിലും വെള്ളം ക്രമത്തിലധികം കവിഞ്ഞതുകൊണ്ടു് അവിടവും ഒഴിയേണ്ടതായിവന്നു. പൂജതന്നെ മുട്ടിപ്പോകുമൊ എന്നു കുററിശ്ശീരി നമ്പൂതിരിക്കും ശാന്തിക്കാരനും ഭീതിയുണ്ടായിത്തുടങ്ങി. 'അയ്യപ്പാ നീയേ ശരണം' എന്നു് അവർ ഹൃദയപൂർവ്വം പ്രാർത്ഥിച്ചു. ഉമ്മറപ്പടിയോളം വന്ന പ്രവാഹം ഉടനെ അവിടെ നിലച്ചു. വെള്ളം ഒരുതുള്ളിപോലും പിന്നെ കോലായിൽ കയറിയില്ല. നമ്പൂതിരി തീർച്ചയാക്കി—ഇവ്വിധം ക്ഷേത്രം വളരെ ദിവസം മുങ്ങിക്കിടന്നിരുന്നതുകൊണ്ടു് ക്ഷേത്രമതിലുകൾ ഇടിഞ്ഞുപൊളിഞ്ഞു പാപ്പീസ്സായിപ്പോയിരി

കുമെന്നു്; അമ്പലം മേഞ്ഞിരിക്കുന്നതു് മിഷ്യൻ ഓട്ടുകൊണ്ടാകയാൽ ഓടെല്ലാം ഒലിച്ചുപോയിരിക്കുമെന്നു്; മതിലുകളുടെ കല്ലെല്ലാം സമുദ്രത്തിൽ ചെന്നു ചേൎന്നിരിക്കുമെന്നും.

എന്നാൽ നേരെ മറിച്ചായിരുന്നു അനുഭവം. പഴക്കത്താൽ ഓട്ടുകളിൽ പാശി പടൎന്നിരുന്നു; അതൊക്കെപ്പോയി ക്ഷേത്രം പുതിയതായി ഓട്ടുമേഞ്ഞിരുന്നതുപോലെ ശുഭ്രമായി കാണപ്പെട്ടു. മതിലുകൾക്കാവട്ടെ വിഗ്രഹത്തിനാവട്ടെ യാതൊരുവിധ കോട്ടവും സംഭവിച്ചിരുന്നില്ല. ആ ഭാഗത്തു് വെള്ളം കയറിയ വീടുകളിലും യാതൊരു അപകടവും ഉണ്ടായില്ല. അയ്യപ്പന്റെ ശക്തി എല്ലാൎക്കും അനുഭവബോദ്ധ്യമായി.

കടവുവക്കത്തു് ശാസ്താവഴിവാട്ടു എന്നൊരു പെട്ടി കാണാം. കടവുകാരും തോണിക്കാരും യാത്രക്കാരും ജാതിമതഭേദമെന്യെ ആ ദേവനെ പ്രാൎത്ഥിക്കുന്നതും യഥാശക്തി വഴിവാട്ടു ചെയ്യുന്നതും ഇന്നും പതിവായി നടന്നുവരുന്നുണ്ടു്. ആ കടവിൽമാത്രം ഒരു തോണി മറിയുകയാവട്ടെ, അവിടെ വെച്ചു് വല്ല വസ്തുനാശമൊ ആൾനാശമൊ സംഭവിക്കുകയാകട്ടെ ഇന്നേവരെ ഉണ്ടായിട്ടില്ലെന്നും പരക്കെ ബോദ്ധ്യമുള്ള സംഗതിയാണു്.

ആ ചുററുവട്ടത്തിലുള്ളവൎക്കു പലേ സംഭവങ്ങളും ഇന്നും പ്രത്യക്ഷത്തിൽ അനുഭവപ്പെട്ടു വരുന്നുണ്ടു്. വല്ല അടിയന്തരാദികളും നടത്തുവാൻ ആരെങ്കിലും തീൎച്ചയാക്കിയെന്നു വിചാരിക്കുക—മഴയുടെ ലാഞ്ഛനപോലും ഇല്ലാത്ത കാലമാണെങ്കിൽ ഉപായത്തിൽ ഒരു പന്തൽമാത്രം കെട്ടിയിട്ടുണ്ടാവാം. എന്നാൽ പെട്ടെന്നു കാറുവന്നുകേറി മഴ കലശലായി പെയ്തുവെന്നും, സദ്യ ഉഴലൂറായിത്തീരുമെന്നുമുള്ള നില വന്നുകൂടായ്കയില്ല. അങ്ങിനെയുള്ള സന്ദൎഭങ്ങളിൽ ചമ്രവട്ടത്തയ്യപ്പന്നു വഴിവാട്ടു പ്രാൎത്ഥിച്ചു യഥാശക്തി ഉഴിഞ്ഞുവെച്ചാൽ ആ

സ്ഥലത്തു മാത്രം ഒരു തുള്ളി വെള്ളം വീഴാതിരിക്കുന്നതും അടുത്തു പുറവം മഴ ധാരധാരയായി ചൊരിയുന്നതും ഇന്നും കാണാറുള്ള സംഗതിയാണ്. പക്ഷെ പരിപൂണ്ണമായ വിശ്വാസമാണ് ഇതിന്നു ആസ്പദം എന്നു പറയേണ്ടതില്ലല്ലൊ. അടുത്തകാലത്തുണ്ടായ ഒരു സംഗതി ഇവിടെ പ്രത്യേകം പറഞ്ഞുകൊള്ളട്ടെ:

മഹാകവി കുമാരനാശാൻ അന്തരിച്ചതു റഡീമർ എന്ന ബോട്ടപകടത്തിലാണെന്ന് അറിയാത്തവരില്ലല്ലൊ. അന്നു കുററിശ്ശേരി ഇല്ലത്തു കാരണവരായിരുന്നതു ബാല്യം കഷ്ടിച്ചു കഴിഞ്ഞിരുന്ന വിഷ്ണു നമ്പൂതിരി ആയിരുന്നു. അദ്ദേഹം ഇന്നും ജീവിച്ചിരുപ്പുണ്ട്.* പത്മനാഭസ്വാമിക്ഷേത്രത്തിലെ മുറജപം കഴിഞ്ഞു മടങ്ങുന്ന യാത്രക്കാരിൽ പലരും മേൽപ്പറഞ്ഞ റഡീമർ ബോട്ടിൽ ഉണ്ടായിരുന്നു. കൂട്ടത്തിൽ, നമ്മുടെ വിഷ്ണുനമ്പൂതിരിയും കാര്യസ്ഥനുംകൂടി ഉൾപ്പെട്ടിരുന്നു. ബോട്ടുമറിയുമെന്നുള്ള ദുർഘടാവസ്ഥയിലെത്തിയപ്പോൾ പലരും പലവിധം തങ്ങളുടെ മാതാപിതാക്കന്മാരെ ഓർത്തു കരഞ്ഞും കുലദൈവങ്ങളെ ശരണംവിളിച്ചും കലശൽകൂട്ടിയ കൂട്ടത്തിൽ "എന്റെ അയ്യപ്പാ" എന്നാണ് നമ്പൂതിരിയും കാര്യസ്ഥനും കരഞ്ഞു വിളിച്ചതെന്നു നമ്പൂതിരിതന്നെ എന്നോടു ഒരിക്കൽ പറയുകണ്ടായി. ബോട്ടിൽനിന്നു മറിഞ്ഞവരിൽ മുക്കാലേഅരക്കാലേമുണ്ടാണിയും നിലകിട്ടാതെ മുങ്ങിമരിച്ചു. എന്നാൽ നമ്മുടെ വിഷ്ണുനമ്പൂതിരിയും കാര്യസ്ഥനും വീണ ദിക്കിൽ മുട്ടിനു മാത്രമേ വെള്ളമുണ്ടായിരുന്നുള്ളു; അതിനാൽ യാതൊരു ക്ലേശവും കൂടാതെ അവർ അവിടെ നില്ക്കുകയും, ചെറുവഞ്ചിക്കാരിൽ ആരോ തത്സമയം അവിടെവന്നു അവരെ രക്ഷപ്പെടുത്തുകയും ചെയ്തു. അയ്യപ്പന്റെ ശക്തി ഇവിടെയാണ് പ്രത്യക്ഷീഭവിച്ചതു്. മറിച്ചു വല്ലതും സംഭവിച്ചി

* ഞാൻ ഈ ലേഖനം എഴുതി പ്രസിദ്ധപ്പെടുത്തിയതു് 3—12—51-ൽ ആണു്.

രുന്നുവെങ്കിൽ അയ്യപ്പന്റെ ഊരായ്മസ്ഥാനത്തിന്നുതന്നെ ഹാനി സംഭവിക്കുമായിരുന്നു.

അയ്യപ്പനെപ്പററിയുള്ള ഒരു പഴയ സ്തോത്രം ചൊല്ലി ഈ ലേഖനം ഉപസംഹരിക്കാം.

അരുവി ചിതറിവീഴും നല്ലപേരാവതന്റെ
വടകരെ, മരുതിൻകീഴ്ച്ചെന്നു ചേന്നോരു ദൈവം
അമരകൾ പലവട്ടം കൈതൊഴും ചമ്രവട്ടം
വിലസിന കുലദൈവം താങ്ങുവോനാകയെന്നെ.

## VI
## മൂപ്പൻ

കോഴിക്കോട്ടുള്ള തിയ്യർ സമൂഹത്തിലെ ഒരു ഭേദപ്പെട്ട തറവാടാണു് കല്ലിങ്കൽമൂപ്പന്റെ കുടുംബം. ഇപ്പോഴത്തെ നില എന്താണെന്നറിവാൻ സാധിച്ചിട്ടില്ല. ആ തറവാട്ടിലെ കാരണവരെയാണു് മൂപ്പൻ എന്നു പറയാറു്. പ്രായാധിക്യമുള്ളവരേയും മേലധികാരികളേയും ബഹുമാനപൂർവ്വം മൂപ്പർ എന്നു വിളിക്കാറുണ്ടല്ലൊ. അതിന്റെ തത്ഭവമായിരിക്കാം 'മൂപ്പൻ'

ആ തറവാട്ടിലെ കാരണവരായിരുന്ന രാരിച്ചൻ മൂപ്പനെ സംഗതിവശാൽ എനിക്കു പരിചയമായി. 1914ലൊ 15 ലൊ ആണു് ആ സംഭവം. ജാത്യാ തിയ്യനാണെങ്കിലും അദ്ദേഹം ബ്രഹ്മസമാജത്തിലെ ഒരു അംഗമാണെന്നു അദ്ദേഹം പറഞ്ഞാണു ഞാനറിഞ്ഞതു്.

സ്വല്പനേരത്തെ സംഭാഷണംകൊണ്ടു രാരിച്ചൻ മൂപ്പൻ ഒരു സരസനാണെന്നു മനസ്സിലായി. അദ്ദേഹത്തിന്റെ ക്ഷണം സ്വീകരിച്ചു ഞാൻ മൂപ്പന്റെ മഠത്തിലേക്കു ഒരു ദിവസം ചെന്നിരുന്നു. ഞാൻ ചെന്നവിവരം അറിഞ്ഞപ്പോൾ മൂപ്പൻ എന്നെ സ്വീകരിപ്പാൻ വന്നതു ചങ്ങലവട്ട പിടിപ്പിച്ചു ഒരു വാ

ലിയക്കാരന്റെ അകമ്പടിയോടു കൂടിയായിരുന്നു. അതും പകൽസമയത്തു്! പഴയതറവാടുകളിലെ ചില കാരണവന്മാരും കോവിലകങ്ങളിലെ ചില തമ്പുരാക്കന്മാരും പകൽസമയത്തു പോലും പന്തം പോലത്തെ പ്രകാശമുള്ള ഒരു വിളക്കു എടുപ്പിച്ചുവരുന്നതു വായനക്കാർ ചിലരെങ്കിലും കണ്ടിരിക്കാം. 'ശാരദ' നോവൽ വായിച്ചുവർക്കറിയാമെന്നുള്ളതു തീർച്ച എങ്കിലും നമ്മുടെ മൂപ്പൻ ചങ്ങലവട്ടവിളക്കും പിടിപ്പിച്ചു് എന്നെ സ്വീകരിക്കാൻവന്നതു കണ്ടപ്പോൾ ഞാൻ തെല്ലൊന്നമ്പരന്നുപോയി. ഉള്ളിൽക്കൊണ്ട ചിരിയടക്കിക്കൊണ്ടു് ഞങ്ങൾ സംഭാഷണമാരംഭിച്ചു.

'ഇതെന്തുകഥ'—എന്നു ഞാൻ ചോദിച്ചപ്പോൾ മൂപ്പന്റെ മറുപടി ഇപ്രകാരമായിരുന്നു:

“ചില കോവിലകങ്ങളിലെ തമ്പുരാക്കന്മാർ അഭിമാനാർത്ഥമായി ചങ്ങലവട്ട പിടിപ്പിക്കുന്നതു കണ്ടപ്പോൾ എന്റെ ഒരു കാരണവർക്കും തോന്നി, നമുക്കെന്തുകൊണ്ടു അതുപോലെ പിടിപ്പിച്ചുകൂടാ എന്നു്. അതിന്നെന്താണു വഴി എന്നാലോചിച്ചു. സാമൂതിരിയുടെ മണ്ണിൽ കുടിയിരിക്കുന്നതുകൊണ്ടു് അവിടുത്തെ സമ്മതംകൂടാതെ ചങ്ങലവട്ട പിടിപ്പിക്കുന്നതു ശരിയല്ലെന്നു തോന്നുകയാൽ അവിടുത്തെ അനുവാദം കിട്ടുവാൻ വല്ലവഴിയുമുണ്ടോ എന്നായി പിന്നത്തെ ചിന്ത. ഒടുവിൽ ഒരുപായം തോന്നി. സാമൂതിരിപ്പാട്ടിലെ മുഖം കാണിപ്പാൻ സമയം അനുവദിച്ചു കിട്ടുവാൻ ഒരു അപേക്ഷാപത്രം കൊടുത്തയച്ചു. ഒരു ദിവസം ഉച്ചതിരിഞ്ഞു ചെല്ലുവാനുള്ള തിരുവെഴുത്തുംകിട്ടി. കാര്യം എന്താണെന്നു മുൻകൂട്ടി അറിയിച്ചിരുന്നില്ലെന്നു പറയേണ്ടതില്ലല്ലൊ. ഒരു വെള്ളിത്തളികയിൽ രണ്ടു പവൻ, കുറെ നാരങ്ങ, വെററില, അടയ്ക്ക മുതലായ തിരുമുൽക്കാഴ്ചയോടു കൂടി ആ കാരണവർ തിരുമുമ്പാകെ ചെന്നു് തൊഴുതു വിടവാങ്ങി പഞ്ചപ്പുച്ഛമടക്കി ദൂരെ മാറിനിന്നു. സാമൂതിരി

കോവിലകത്തെ എഴാംകൂലി തളികയെടുത്തു തിരുമുമ്പാകെ വെച്ചു.

"സാമൂതിരിപ്പാട്ട്" അവരെ തൃക്കൺപാർത്തശേഷം സസ്മിതം മൂപ്പനോട്ട് 'എന്താവേണ്ടതു'? എന്നരുളിച്ചെയ്തു ചോദിച്ചു."

മൂപ്പൻ:- അടിയന്നു ഒരാഗ്രഹമുണ്ട്". അതുണർത്തിപ്പാനാണു വിടകൊണ്ടതു".

സാമൂ:- എന്താ വേണ്ടച്ചോ, പറയാമല്ലൊ.

മൂ:- അടിയന്നു തിരുമേനിമാരെപ്പോലെ ചങ്ങലവട്ട പിടിപ്പിക്കാൻ സമ്മതം തരണം.

സാ:- അത്രെ ഉള്ളോ. പൂർണ്ണസമ്മതം.

മൂ:- അങ്ങിനെ ഒരു തീട്ടൂരം കിട്ടുന്നതു അടിയന്റെ പിൻഗാമികൾക്കു ഒരു അനുഗ്രഹമായിരിക്കും.

സാ-ഓ-ഹൊ. അങ്ങനെ

ആരവിടെ? എന്നത്തരവായപ്പോഴെക്ക് ഓലയും നാരായവുമായി ഹെഡ്"കാര്യസ്ഥൻ ഹാജരായി. വേഗം ഒരു തീട്ടൂരം എഴുതിവാങ്ങി, കാര്യസ്ഥന്നു ഒരു ഉറുപ്പിക കയ്യടക്കി, മടങ്ങിയശെഷം ആ കാരണവർ ചങ്ങലവട്ടവിളക്കു പിടിപ്പിച്ചുതുടങ്ങി.

ഉടനെ ഒരു സംഭവം ഉണ്ടായതും ആ കാരണവക്ക് അറിവുകിട്ടിയത്രെ. ഈ തിട്ടൂരം എഴുതുവാനുള്ള വാചകം പറഞ്ഞുകൊടുക്കുമ്പോൾ അടുത്തു എറാൾപ്പാട്ടു തമ്പുരാനും ഉണ്ടായിരുന്നു. ഈസംഗതി അദ്ദേഹത്തിന്നു രസിച്ചില്ല.

'പണ്ടുപണ്ടേ നമുക്കുമാത്രം അനുവദിച്ചിട്ടുള്ള ഈ ചങ്ങലവട്ട പിടിപ്പിക്കുന്ന എൎപ്പാടു ഒരു തീയ്യന്നു അനുവദിച്ചുകൊടുത്തതു ഇത്തിരി ആലൊചനക്കുറവായില്ലെ' എന്നായിരുന്നു അനന്തരവന്റെ ആവലാതി. അതിന്നുള്ള കാരണവരുടെ മറുപടി എവ്വംപ്രകാരേണ ആയിരുന്നു: "മൂപ്പൻ നമ്മോടു

ചോദിക്കാതെതന്നെ ചങ്ങലവട്ട പിടിപ്പിച്ചുതുടങ്ങിയാൽ അദ്ദേഹത്തോട്ട ആരാ ചോദിക്കാൻ ഇക്കാലത്തു്? ഇപ്പോഴാ കട്ടെ നമുക്കു് അഭിമാനിക്കാം നമ്മുടെ അനുമതിപ്രകാരമാണു് മൂപ്പൻ ചങ്ങലവട്ട പിടിപ്പിക്കുന്നതെന്നു്".

*　　　*　　　*

നമ്മുടെ മൂപ്പൻ ഒരു വലിയ അയിത്തക്കേസ്സിൽ സാക്ഷിയായി. കോഴിക്കോട്ടുള്ള ചാലപ്പുറം കുളവക്കത്തുകൂടെ ചികത്സാത്ഥം ഒരു തിയ്യൻഡാക്കരെ ഒരു ബ്രാഹ്മണൻ കൂട്ടിക്കൊണ്ടു പോയതു നിമിത്തം കുളവും അമ്പലവും അശുദ്ധമായി എന്നായിരുന്നു ക്രിമിനൽ കേസ്സിൻെറ ഗിസ്റ്റ്. പുണ്യാഹം കഴിക്കുന്നതു കേസ്സിൻെറ തീപ്പുകഴിഞ്ഞിട്ടുമതി എന്നും തീച്ചയാക്കി അമ്പലം പൂട്ടിയിട്ടു.

ഈ കേസ്സിൽ ഒരു രസം. അയിത്തമുണ്ടെന്നു വാദിക്കുന്ന കക്ഷിയുടെ വക്കീൽ ഒരു മേനോൻ. അയിത്തമില്ലെന്നു പറയുന്ന എതൃവാദിവക്കീൽ ഒരു ബ്രാഹ്മണൻ. അതു് എന്തെങ്കിലുമാവട്ടെ.

ആ കേസ്സിൽ ഒരു സാക്ഷിയായിരുന്നു നമ്മുടെ രാരിച്ചൻ മൂപ്പൻ. തിയ്യർ തീണ്ടിയാൽ സവണ്ണക്കു അയിത്തമുണ്ടെന്നായിരുന്നു മൂപ്പൻെറ മൊഴി! അതുനിമിത്തമാണു് തളിയിലെ കിഴക്കെ നടയിൽക്കൂടി മഞ്ചേരി രാമയ്യർ അവർകൾ ഒരു തിയ്യർജാഥ നടത്തിയപ്പോൾ അതിൽ താൻ പങ്കെടുക്കാതിരുന്നതു എന്നും ആയിരുന്നു മൂപ്പൻ തെളിവുകൊടുത്തതു്.

ഇപ്പോഴത്തെ കഥയറിയുന്നവക്കു് കാലംപോയ പോക്കു് മനസ്സിലാകുമല്ലോ. സാമൂതിരപ്പാടു് അന്നു് കാണിച്ച സഹിഷ്ണുതയാണു് ആശ്ചര്യമെന്നും ഭൂഷണം.

# VII
## പുത്തൂർക്കാവു്

പാലക്കാട്ട മുൻസിപ്പാലറ്റിയുടെ ഏതാണ്ടു് മദ്ധ്യത്തിലാണു് പുത്തൂർകാവു് സ്ഥിതിചെയ്യുന്നതു്. ഒരു അരയാൽ വൃക്ഷവും ചുറ്റും ചെങ്കൽകൊണ്ടുള്ള തറയും അതിൽ ഒരു ചെറിയ ഗർഭഗൃഹവും അതിൽ കരിങ്കൽകൊണ്ടുള്ള പ്രതിഷ്ഠയുമാണു് ആകപ്പാടെയുള്ള കാവു്. എന്നാൽ ഇയ്യിടെയായി ആ ഗർഭഗൃഹം ഒന്നു പരിഷ്ക്കരിക്കപ്പെട്ടിട്ടുണ്ടെന്നുവേണം പറയാൻ. ദിവസം രണ്ടുനേരവും ഉത്തമരീതിയിലുള്ള പൂജ പതിവുണ്ടു്. ബ്രാഹ്മണരാണു് പൂജ ചെയ്യുന്നതു്. മേൽപ്പുര ഇല്ലാത്തതിനാൽ മഴയും മഞ്ഞും വെയിലും ഭഗവതിക്കു ഇഷ്ടമാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

കാലം പോകുന്ന പോക്കിൽ ഇത്തരം ക്ഷേത്രങ്ങളെ വിഗണിച്ചുവരുന്നതു് സാധാരണയാണെങ്കിലും ഇവിടെ നേരെ മറിച്ചാണു്. പുത്തൂർതറയിലും ചുറ്റുദേശങ്ങളിലുള്ള സകലനിവാസികളും ജാതിമതഭേദമന്യേ, ഈ ദേവിയെ തങ്ങളുടെ പരദേവതയായി കൊണ്ടാടിവരുന്നുണ്ടു്. അവരുടെ അഭീഷ്ടദാനം ഭഗവതി അനുവദിച്ചുംവരുന്നു. തന്റെ ശക്തിയെ വിസ്മരിക്കുന്നവൎക്കു് തക്കതായ അനുഭവങ്ങളും നമ്മുടെ ദേവി പ്രത്യക്ഷേന കൊടുക്കുന്നുമുണ്ടു്.

ആ കാവിൽ ഒരു വെളിച്ചപ്പാടുണ്ടായിരുന്നു. സുമാറു് ഇരുപതുകൊല്ലമായി, അദ്ദേഹം ദേഹവിയോഗം ചെയ്തിട്ടു്. നായരാണു് ജാതിയിൽ. പേർ നല്ല ഓൎമ്മതോന്നുന്നില്ല. ഞങ്ങളെല്ലാം 'വെളിച്ചപ്പാടു്' എന്നു മാത്രമാണു് വിളിച്ചുവന്നിരുന്നതു്. അതിനാൽ പേർ ഓൎമ്മവെക്കാനുള്ള സന്ദൎഭമുണ്ടായില്ല.

വെളിച്ചപ്പാടു് ഉറഞ്ഞാൽ ചില സമയം തന്റെ തല കാവിലെ വാളെടുത്തു വെട്ടിപ്പൊളിക്കും. ഒന്നാന്തരം മൂച്ചു

No. 11316 KOTTAYAM PUBLIC

യുള്ള വാളായിരുന്നു അതു്. തല രണ്ടായിപ്പിളർന്നു് ഉടനീളം രക്താഭിഷിക്തനായി നടന്നുവരുന്ന കാഴ്ചകണ്ടാൽ ഭയഭക്തി ജനിക്കാത്ത മനുഷ്യർ അന്നു പാലക്കാട്ടുണ്ടായിരുന്നില്ല. പ്രത്യേകിച്ചും മാപ്പുള്ളിക്കാവു വേലദിവസം ഈ പുത്തൂർകാവിൽനിന്നു അവിടേക്കു പോകുന്ന ഒരു കാഴ്ചയുണ്ടു്. അന്നു ഗ്രമൂർത്തിയായിരിക്കും. കലി നിന്നാൽ ഭഗവതിനടയിൽ ചെന്നു നമസ്കരിച്ചു അവിടെ ഇരിപ്പുള്ള ഒരുപിടി ഭസ്മം വാരി വെളിച്ചപ്പാടു് തന്റെ തലയിൽ ഇടും. ചോരപോക്കു് അപ്പോൾ നിലക്കും. തലയിൽ ഒരു കീറിന്റെ ലാഞ്ഛനമാത്രമാണു് പിന്നീടു അവശേഷിച്ചു കാണുക.

പുത്തൂർകാവിനു തൊട്ടു വടക്കുള്ള ഒരു എലിമെന്റടറി സ്കൂളിലെ വാദ്ധ്യാരായിരുന്നു ഈ വെളിച്ചപ്പാടു്. മൂന്നു നേരം കളിയും തൊഴിലും ഈ കാവിൽ മുട്ടാതെ അദ്ദേഹം കഴിച്ചുവന്നിരുന്നു. ഒരു തലവേദനയൊ പനിയോ നിമിത്തം ഒരു ദിവസത്തെ ലീവു് എങ്കിലും അദ്ദേഹം എടുത്തിട്ടുള്ളതായി അറിവില്ല. കാവിലെ നിവേദ്യച്ചോറമാത്രമായിരുന്നു ആഹാരം. അല്ലാതെ പച്ചവെള്ളം കൂടി അദ്ദേഹം കഴിച്ചിരുന്നില്ല.

നമ്മുടെ കഥ നടക്കുന്നകാലത്തു് വെളിച്ചപ്പാടിന്നു ഇരുപത്തഞ്ചുകൊല്ലത്തെ സർവ്വീസ് ഉണ്ടായിരുന്നു. അക്കാലത്താണു് വടക്കെ മലബാർകാരനായ ഒരു നമ്പ്യാർ (പേരു് ഞാൻ സംഗതിവശാൽ വിട്ടതാണു്) സ്കൂൾ ഇൻസ്പെക്ടരായി പാലക്കാട്ടേക്കു സ്ഥലമാററംകിട്ടി വന്നതു്. നമ്പ്യാരുടെ നിജസ്ഥിതി നമുക്കു് നിശ്ചയമില്ലെങ്കിലും ഒരു നിരീശ്വരമതക്കാരന്റെ മട്ടിലായിരുന്നു പോക്കു്.

വന്നു ചാർജെടുത്ത ഉടനെ അഞ്ചുകൊല്ലത്തിലധികം ഒരേ സ്കൂളിൽ ജോലിചെയ്യുന്നവരുടെ ഒരു പട്ടിക എടുപ്പാൻ ഹെഡ്ക്ലാക്കിന്നു അദ്ദേഹം ആഡർ കൊടുത്തു. അവരെ സ്ഥലമാററംചെയ്യാനും തീർച്ചയാക്കി.

പുത്തൂർ സ്കൂളിലെ വാദ്ധ്യാരായ നമ്മുടെ വെളിച്ചപ്പാടിനെ പാലക്കാട്ട മുൻസിപ്പാലിററിയുടെ തെക്കേ അററത്തെ അതൃത്തിയിൽപ്പെട്ട യാക്കര സ്കൂളിലേക്കാണു ഗളഹസ്തം ചെയ്തതു്. അതിന്നപ്പുറം തള്ളുവാൻ ഇൻസ്പെക്ടർക്കു് അധികാരമുണ്ടായിരുന്നില്ല. പുത്തൂർകാവിൽനിന്നു മൂന്നുനാഴിക നടക്കണം, ഈ പുതിയ സ്കൂളിലെത്താൻ. ഇതുനിമിത്തം തൻെറ നിത്യവൃത്തിക്കു വരാവുന്ന വിഘ്നങ്ങളെ വിവരിച്ചു് വെളിച്ചപ്പാട്ടു് ഒരു സങ്കടഹർജി സമപ്പിച്ചു, മാററം ദുബ്ബലപ്പെടുത്തികിട്ടുവാൻ യാചിച്ചുകൊണ്ടു്. അതിന്നുള്ള മറുപടി, കല്പനപ്രകാരം നടന്നുകൊള്ളണമെന്നും ഇല്ലെങ്കിൽ ഡിസ്മിസൽ ആയിരിക്കും അനുഭവമെന്നുമായിരുന്നു!

പാവം! എന്തുചെയ്യും. വൈകുന്നേരം കാവിൽചെന്നു് "ഭഗവതീ! നീതന്നെ ശരണം. നിന്നെ പിരിഞ്ഞിരിപ്പാൻ ഞാൻ ശക്തനല്ല. ഉദ്യോഗം കളയുന്നതു് അതിലധികം സങ്കടം. ആഹാരത്തിന്നു വേറെ മാഗ്ഗമില്ലല്ലോ" എന്നു നമ്മുടെ വെളിച്ചപ്പാട്ടു് കേണുകൊണ്ടു പ്രാത്ഥിച്ചു.

അന്നു് രാത്രി മണി ഏതാണ്ടു് പന്ത്രണ്ടായി. നമ്പ്യാർ താൻ വാടകക്കു വാങ്ങിയിരുന്ന പുത്തൂർതറയിലുള്ള ഒരു ബംഗ്ലാവിൽ കുംഭകർണ്ണനെ സേവിച്ചുകൊണ്ടു കിടക്കുന്നു. കുടുംബാംഗങ്ങൾ ആരും അപ്പോൾ വന്നിരുന്നില്ല. അരിവയ്ക്കാൻ ഒരു വാലിയക്കാരൻ മാത്രമാണു് കൂടെയുണ്ടായിരുന്നതു്. അവൻ അടുത്തമുറിയിൽ സുഖനിദ്രചെയ്യുന്നു. നമ്പ്യാർ ഉറക്കത്തിൽ "അയ്യോ" എന്നൊരു നിലവിളി. കിടന്നിരുന്ന കട്ടിലിൽനിന്നു താഴത്തെക്കു—ംീം. ആരോ ചൂരൽകൊണ്ടു പിടയ്ക്കുന്നു. നാലാംക്ലാസ്സു വിദ്യാത്ഥികളെ ചില്ലറ കുററങ്ങൾക്കായി പണ്ടത്തെ എഴുത്തച്ഛന്മാർ ഠേ, ഠേ, എന്നു സമ്മാനിച്ചാലെന്നപോലെ, ആസനം അടികൊണ്ടു തടിക്കുന്നു. ഇല്ലേ ഇല്ലേ എന്നു നമ്പ്യാർ കരഞ്ഞു കലശൽ കൂട്ടുന്നു. വാലിയക്കാരൻ എണീററു വേഗം വിളക്കു കൊളുത്തി. ആരും ഇല്ല അകത്തു്.

അടുത്തുള്ള കുടിക്കാർ ലഹളയും ഒച്ചയും കേട്ടു വാതിൽമുട്ടി വിളിക്കുന്നു. വാതിലുകളാണെങ്കിൽ പൂർവ്വസ്ഥിതിയിൽ ബന്ധിച്ചും ഇരിക്കുന്നു. തന്റെ യജമാനൻ പിടഞ്ഞു ഉരുളുന്നതു കണ്ടു വാലിയക്കാരൻ അമ്പരക്കുന്നു. ആകപ്പാടെ ഒരു ബഹളം. പാലക്കാട്ടുവന്നിട്ടു ആഴ്ച്ച ഒന്നു കഴിഞ്ഞിട്ടില്ല—ഇൻസ്പെക്ടരുടെ ചന്തി ചമ്മന്തിപ്പാകമായി!

ജോത്സ്യത്തിൽ വിശ്വാസമില്ലെങ്കിലും തന്റെ ഹെഡ് ഗുമസ്ഥന്റെ നിർബ്ബന്ധത്താൽ പിറേറദിവസം കാലത്തുതന്നെ വടക്കന്തറ ഗോവിന്ദപ്പണിക്കരുടെ വസതിയിൽ ചെന്നു കവിടി വാരി വെപ്പിച്ചുനോക്കി. ഇക്കഥകളൊന്നും അറിയാത്ത പണിക്കർ പറഞ്ഞതു് ഒരു അദ്ധ്യാപകന്റെ അപേക്ഷമൂലം അദ്ദേഹം ഉപാസനചെയ്യുന്ന ദേവി തന്റെ പരിവാരങ്ങളെക്കൊണ്ടു് നമ്പ്യാർക്കു സമ്മാനം കൊടുപ്പിച്ചതാണെന്നും, അതിന്നുള്ള കാരണം ആ അദ്ധ്യാപകന്റെ സ്ഥലമാററത്തിനുള്ള ആർഡറാണെന്നും, ആയതു ഉടനെ റദ്ദുചെയ്യണമെന്നും ഇല്ലെങ്കിൽ ഇതിലധികം ആപത്തു അനുഭവിക്കേണ്ടിവരുമെന്നുമായിരുന്നു. ദേവിയുടെ പ്രീതിക്കായി ഒരു ചുരുങ്ങിയ വഴിവാടു് കഴിക്കേണ്ടതും ആവശ്യമാണെന്നു് പണിക്കർ വിധിപറഞ്ഞു. നമ്മുടെ ഇൻസ്പെക്ടർ ആർഡർചെയ്ത സ്ഥലംമാററങ്ങൾ ഒക്കെയും ഉടനെ ദുർബ്ബലപ്പെടുത്തി. പിറേറദിവസം നമ്പ്യാർ കുളിച്ചു ഭസ്മധാരണംചെയ്തു ക്ഷേത്രസന്നിധിയിൽ കൈകൂപ്പിനിൽക്കുന്നതും, പൂജാരിയോടു തീർത്ഥവും പ്രസാദവും വാങ്ങി ദക്ഷിണചെയ്യുന്നതും കണ്ടവനാണു ഞാൻ. ഈ വാർത്ത അക്കാലത്തു വളരെ ഒച്ചപ്പാടു ഉണ്ടാക്കിയിരുന്നു.

മീനത്തിലോ മേടത്തിലോ ഈ കാവിൽ കൊടിയേററവും പത്തുദിവസത്തെ ഉത്സവവും പതിവുണ്ടു്. കൊടിയേററു മുതൽ പാവക്കൂത്തു് പതിവായുണ്ടു്. ഇതുകേൾക്കാൻ ജനങ്ങൾ തടിച്ചുകൂടും. പ്രത്യേകിച്ചും ഇന്ദ്രജിത്തിന്റെ നാഗാസ്ത്രം എയ്യുന്ന ദിവസം ജനങ്ങൾ തിങ്ങി വിങ്ങിക്കൂടും. ഈ

മുനിസിപ്പാലിററിയിലെ മററു കാവുകളിൽ ഓലപ്പാവക്കൂത്തു നടപ്പുള്ളതായി ഞാൻ അറിയുന്നില്ല. ഒടുവിലത്തെ ദിവസം പഞ്ചവാദ്യത്തോടുകൂടി ദേവിയെ ആനപ്പുറത്തു എഴുന്നള്ളിച്ചു സുമാറ് ഒരു ഫർലാങ്ങു ദൂരത്തുനിന്നു കാവിലേക്കു കൊണ്ടുവരും. കാവിന്റെ അടുത്തെത്തിയാൽ കമ്പം കൊളുത്തലും കതിനവെടി പൊട്ടിക്കലും പതിവായുണ്ടു്. കതിനക്കു തീ കൊളുത്തിയശേഷം കതിനയുടെ പുറം ചവട്ടിക്കൊണ്ടു വെളിച്ചപ്പാടു അട്ടഹസിക്കുന്നതും കതിന പൊട്ടാതെതന്നെ ഇരിക്കുന്നതും, വെളിച്ചപ്പാടു കാലെടുത്തു പുറത്തു വെച്ചാൽ ഉടനെ ഫൽക്കാരത്തോടുകൂടി കതിന പൊട്ടിത്തെറിക്കുന്നതും, കമ്പം കൊളുത്തിയാൽ ആ തീ കത്തി അണയുന്നതുവരെ കമ്പക്കാലിന്റെ ചുവട്ടിൽനിന്നു തിരിയുന്ന വെളിച്ചപ്പാടിന്റെ മേൽ ഒരു തീപ്പൊരിപോലും തട്ടാതെ കഴിയുന്നതും ഈയുള്ളവൻ പലതവണ കണ്ടിട്ടുണ്ടു്.

## VIII
## പാലക്കാട്ടു രാജവംശം

പാലക്കാട്ടുശ്ശേരിയിൽ ഒലവക്കോട് തീവണ്ടിആപ്പീസ്സിന്നു കിഴക്കു ഒരു നാഴിക ദൂരെയാണു കല്ലായിക്കുളങ്ങര ക്ഷേത്രം. ഇതിന്റെ ഉടമാവകാശം പാലക്കാട്ടു രാജവംശത്തിനാണ്. ശേഖരിവർമ്മൻ എന്നാണു ഇവരുടെ സ്ഥാനപ്പേരു്. പതിനഞ്ചാം നൂററാണ്ടു കാലംവരെ ഇവർക്കു രാജ്യഭരണം ഉണ്ടായിരുന്നതായി ചരിത്രം ഘോഷിക്കുന്നുണ്ടു്.

ഈ വംശം വളരെക്കാലമായി മൂന്നു താവഴികളായി പിരിഞ്ഞിരിക്കുന്നു. ഒന്നു ക്ഷേത്രത്തിന്നു സമീപമുള്ള അകത്തേത്തറ അംശത്തിലും മററു താവഴികൾ തെന്മലപ്പുറത്തുമാണ്. ഈ എല്ലാ താവഴികളിലുംകൂടി വയസ്സുമൂപ്പായ പുരുഷനാണു സ്ഥാനത്തിനു അർഹനായിത്തീരുന്നതു്. ഏതാണ്ടു് എന്നു

ത്തിയഞ്ചു വയസ്സിന്നുമുമ്പായി മൂപ്പു കിട്ടീട്ടുള്ളവർ വളരെ ദുല്ലഭം. ഒരു രാജാവു തീപ്പെട്ടതിൻെറ അടിയന്തരം പതിനഞ്ചുദിവസത്തെക്ക നീളും. ആ അടിയന്തരം കഴിയുന്നതിന്നു മുമ്പായിത്തന്നെ അടുത്ത അവകാശി അന്തരിച്ചു എന്നു് ചിലപ്പോഠം കേഠംപ്പാറാകുന്നതും അപൂവ്വമല്ല. ഈ വംശത്തിൽ ഉദ്ദേശം 45 കൊല്ലം മുമ്പു് കവിതയിലും ജ്യോതിഷത്തിലും അദ്വിതീയനായി ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം ഒരു കഥകളിപ്രിയനും നീലാസുരവധമെന്നും നരസിംഹാവതാരമെന്നും രണ്ടു കഥകളുടെ കത്താവുമായിരുന്നു. ഇവ രണ്ടും അച്ചടിക്കപ്പെട്ടിട്ടുമുണ്ടു്.

ഒരു കാലത്തു് ഈ രാജവംശത്തിൽ മൂപ്പുകിട്ടിയിരുന്ന ഒരു തമ്പുരാന്നു ദേവിയിൽ വളരെ ഭക്തിയുണ്ടായിരുന്നു. ഒരു ദിവസം ദേവി, സവ്വാംഗസുന്ദരിയുടെ രൂപത്തിൽ തമ്പുരാൻെറ മുമ്പിൽ ഭക്താഭീഷ്ടപ്രദാനത്തിന്നായി പ്രത്യക്ഷപ്പെട്ടു. കല്ലായ കുളത്തിൽ താൻ താമസിയാതെ പ്രത്യക്ഷമാവുമെന്നും, തൻെറ രൂപം വന്നശേഷം അവിടെ ഒരു ക്ഷേത്രനിമ്മാണം ചെയ്തു ഉപാസിച്ചുകൊള്ളണമെന്നും, തന്നെ ആ ദേശത്തിലെ പരദേവതയായിക്കരുതിവന്നാൽ ഭക്തന്മാരുടെ അഭീഷ്ടങ്ങഠം താൻ സാധിച്ചുകൊള്ളാമെന്നുമായിരുന്നു ഭഗവതിയുടെ അരുളപ്പാടു്. പിറേറ ദിവസംമുതൽ ഭഗവതിയുടെ വരവിനെ ഉററുകാത്തുകൊണ്ടു് കുളങ്ങരയിൽ ഭജിച്ചുകൊണ്ടിരുന്ന രാജാവു്, ഏറെത്താമസിയാതെ രണ്ടു കയ്യ് പൊന്തിവരുന്നതായിക്കണ്ടു് ആനന്ദസാഗരത്തിൽ നിമഗ്നനായി. തമ്പുരാൻ മുൻകൂട്ടിത്തന്നെ പൂജാദികഠംക്ക ഏപ്പാടു ചെയ്തിരുന്നതിനാൽ നമ്പൂതിരിയെക്കൊണ്ടു് പൂജാനിവേദ്യാദികഠം ചെയ്യിപ്പിച്ചു. ഉടനെ ആ സചരൂപം പ്രത്യക്ഷപ്പെട്ടുതുടങ്ങിയ സ്ഥലത്തുള്ള വെള്ളം വററിപ്പിച്ചു ക്ഷേത്രനിമ്മാണത്തിനുള്ള ഏപ്പാടുകളും ചെയ്തു.

പിറേറദിവസം രാത്രി തമ്പുരാന്നു ഒരു സ്വപ്നമുണ്ടായി.

തന്റെ രൂപം മുഴുവൻ പുറത്തുവരുന്നതിന്നു മുമ്പായി പൂജാദികൾ ചെയ്യിച്ചതു തന്റെ ഉത്തരവിന്നു വിപരീതമാകയാൽ ഇപ്പോൾ പുറത്തു കാണുന്ന കയ്യുകൾ ഒഴിച്ചു ബാക്കി അംഗങ്ങൾ പ്രത്യക്ഷമാവുകയില്ലെന്നായിരുന്നു സ്വപ്നത്തിന്റെ സാരം. തമ്പുരാന്നുണ്ടായ വിഷാദം പറഞ്ഞാൽ ഒടുങ്ങുന്നതല്ല. ഇനി പറഞ്ഞിട്ടെന്തുകാര്യം. ഉള്ളതുകൊണ്ടു തൃപ്തിപ്പെടുകതന്നെ എന്നു നിശ്ചയിച്ചു ആ കുളത്തിന്റെ കിഴക്കുഭാഗം ഭഗവതി ആവിർഭവിച്ച സ്ഥലത്തിന്നു ചുറ്റുമായി മണ്ണിട്ടു തുഷ്ഠിച്ച് ക്ഷേത്രത്തിന്റെ പണി പൂർത്തീകരിക്കുകയും, പൂജകളും നവകം ശീവെലി മുതലായവയ്ക്കും വേണ്ടുന്ന വസ്തുവകകൾക്ക് ദേവസ്വത്തിന്റെ പേരിൽ തീട്ടൂരം കൊടുക്കുകയും, പ്രത്യക്ഷപ്പെട്ട കൈകളെ സ്വർണ്ണംകൊണ്ടു പൊതിയുകയുംചെയ്തു. ആ തമ്പുരാന്റെ കാലം കഴിഞ്ഞശേഷവും ഈ വംശജന്മാർ ക്ഷേത്രത്തിൽപോയി മണിയടിച്ചു തൊഴുത് ദേവീദർശനം ചെയ്തിരുന്നതായി കേട്ടുകേൾവിയുണ്ട്.

ഇവർക്കു പിന്നീടു ക്ഷേത്രപ്രവേശനം ഇല്ലാതാവാൻ ഒരു കാരണമുണ്ടായി. അതും അറിയുന്നതു ആവശ്യമാണല്ലോ. ക്ഷേത്രം സ്ഥിതിചെയ്യുന്നതു ഒരു മലംപ്രദേശത്താണ്. ഒരിക്കൽ വാഴ്ച നടത്തിയിരുന്ന യൗവനയുക്തനായ ഒരു രാജാവ് ഒരു ദിവസം നായാട്ടിന്നായി മലംചെരുവുകളിലേയ്ക്കു പോയി, മൃഗയാവിനോദമദ്ധ്യേ കാട്ടിൽവച്ച് തമ്പുരാൻ ഒരു മലയത്തിയെ കാണുകയും അവളിൽ അനുരക്തനാവുകയും ചെയ്തു. എന്നാൽ അവളുമായുള്ള സംസർഗ്ഗം അനുചിതവും അശാസ്ത്രീയവുമാണെന്നു് ഉടനെ തോന്നിയതിനാൽ തന്റെ മനസ്സിനെ ആ മദനാഗ്നിയിൽനിന്നും പിൻവലിക്കാൻ തമ്പുരാൻ വളരെ പരിശ്രമിച്ചു.

അത്രവേഗം ഒഴിച്ചുപോരുന്ന ആളാണോ കാമദേവൻ? മനസ്സിനെ പിൻവലിക്കുംതോറും ആസക്തി അധികരിച്ചുവന്നു. "ഊണിന്നാസ്ഥ കുറഞ്ഞു നിദ്ര നിശിയിങ്കൽപ്പോലുമില്ലാ

തെയായി" എന്നുള്ള നിലയിലായി തമ്പുരാൻ. എന്തിനധികം? സ്വന്തം അമ്മച്ചിയോടുംകൂടി സംസാരിക്കാതെ അദ്ദേഹം നിരുന്മേഷനായിച്ചമഞ്ഞു. എന്നാൽ വളരെ ശീലഗുണമുണ്ടായിരുന്ന തമ്പുരാട്ടി, വേട്ടയ്ക്കായി പോയിരുന്നവരോടും മററും ചോദിച്ച് തമ്പുരാന്റെ ദുഃഖകാരണം സൂക്ഷ്മമായി അറിഞ്ഞു് അതിനുള്ള നിവൃത്തിമാർഗ്ഗവും ഉടനെ കണ്ടുപിടിച്ചു. തമ്പുരാട്ടി ചില കാര്യസ്ഥന്മാരെക്കൂട്ടി തമ്പുരാൻ അറിയാതെ മലയിലേയ്ക്കു ചെന്നു ആ മലയത്തിയെ കണ്ടു അവളുടെ രൂപവും വേഷവിധാനങ്ങളും മനസ്സിലാക്കിപ്പോന്നു.

പിറെറന്നാൾ രാത്രി ആ മലയത്തിയുടെ വേഷംധരിച്ചു അമ്മച്ചി ഭർത്താവിന്റെ ശയനമുറിയിൽ പ്രവേശിച്ചു. മതിമറന്നിരുന്ന മന്നവൻ "സമയമതിമോഹനം മമ സമീപമതിൽ വന്നിടുക നീ" എന്നുള്ള പല്ലവിപാടി ആനന്ദിച്ചുതുടങ്ങി. ആ മലയത്തി രാത്രി അവിടെ കഴിച്ചുകൂട്ടി യാത്രപറഞ്ഞു പിരിഞ്ഞപ്പോൾ തമ്പുരാൻ തന്റെ കൈയിൽ ഉണ്ടായിരുന്ന രത്നഖചിതമായ മോതിരം അവൾക്ക് സമ്മാനിക്കുകയും ചെയ്തു.

'മാണിക്യ പ്രഭനേതി സൂര്യനരുണം മുമ്പുട്ടയന്റ'—തമ്പുരാൻ പള്ളിക്കുറുപ്പുകഴിഞ്ഞു പുറത്തെഴുന്നള്ളിയപ്പോൾ അമ്മച്ചി സസ്മിതം മുമ്പിൽച്ചെന്നു ഹാജരായി. തമ്പുരാന്റെ മുഖത്തു് വല്ലാത്തൊരു വിഷാദഭാവം പ്രത്യക്ഷീഭവിച്ചു. അറിയാതെ വന്നുപോയ തന്റെ അബദ്ധം അമ്മച്ചി കണ്ടുപിടിച്ചുവോ എന്നുള്ള ആശങ്കയാണു തമ്പുരാനെ അലട്ടിക്കൊണ്ടിരുന്നതു്.

അമ്മച്ചി:—ഇന്നലെ പള്ളിക്കുറുപ്പ് സുഖമായില്ലെന്നുണ്ടോ?

തമ്പുരാൻ:— പതിവുപോലെ ഞാൻ ഇന്നലെയും ഉറങ്ങി. എന്താണാവോ ഈ ചോദ്യത്തിനു കാരണം.

അ:— വിശേഷിച്ചൊന്നും ഉണ്ടായിട്ടല്ല. അല്ല, തൃക്കയ്യിലെ മോതിരം എവിടെയാ?

ത:—(ഒരു ഇളിഭ്യച്ചിരിയോടുകൂടി) ഓ, ശരിതന്നെ. കിടക്കയിൽ വീണിരിക്കണം. അതൊന്നു പരിശോധിക്കണം.

അ:—അവിടെ ഉണ്ടെങ്കിൽ അല്ലെ കാണുകയുള്ളു, ആക്കാ അതിനെ സമ്മാനിച്ചതു് എന്നോൎമ്മയുണ്ടോ ആവോ?

തമ്പുരാൻ അമ്പരന്നു. മുഖത്തിൽ ഒരു തുള്ളി ചോര ഇല്ലാതായി. ഉടനെ അമ്മച്ചി അദ്ദേഹത്തെ അബദ്ധമാക്കുന്നതു് നന്നല്ലന്നു കരുതി തന്റെ കയ്യിൽ ഉണ്ടായിരുന്ന ആ മുദ്രമോതിരം തമ്പുരാന്റെ വിരലിൽ അണിയിച്ചു് നടന്ന സംഭവങ്ങൾ തുറന്നുപറഞ്ഞു.

ഭാൎയ്യ പറഞ്ഞതു നേരാണെന്നു തമ്പുരാനു ബോദ്ധ്യം വന്നു. എങ്കിലും ഒരു മലയത്തിയെ മനസാ കാമിച്ചുപോയ തനിക്കു പതിത്വം സംഭവിച്ചതായി അദ്ദേഹം ധരിച്ചു. അന്നുമുതൽ ആ കുടുംബക്കാരാസകലം തീണ്ടൽജാതിക്കാരെപ്പോലെ അമ്പലക്കുളത്തിൽ കുളിക്കാതേയും പതിവുപോലെ അമ്പലത്തിൽ കടന്നു് തൊഴാതെയുമായി. അങ്ങിനെ കഴിഞ്ഞു ഏറിയ കാലം.

ഈ ക്ഷേത്രം രാജവംശത്തേയ്ക്കു അവകാശപ്പെട്ടതാകയാലും തങ്ങൾ ഊരാണ്മക്കാരാകയാലും ക്ഷേത്രപ്രവേശം വിരോധമില്ലെന്നു തീർച്ചയാക്കി സുമാറു് 25 കൊല്ലം മുമ്പു് ഈ വംശക്കാർ അമ്പലത്തിൽ വീണ്ടും പ്രവേശിച്ചു. പക്ഷെ ശാന്തിക്കാരൻ നമ്പൂതിരി ഇതിൽ പ്രതിഷേധിച്ചു് ക്ഷേത്രവാതിൽ പൂട്ടി തക്കോൽ കാൎയ്യസ്ഥനെ ഏല്പിച്ചുപോന്നു. അപ്പോൾ ഒരു എമ്പ്രാന്തിരിയെ ശാന്തിക്കായി ഏൎപ്പെടുത്തി. ആ സമയം ബാലമരണം മുതലായ പലേ ദുർന്നിമിത്തങ്ങളും കണ്ടുതുടങ്ങിയതിനാൽ പഴയ നമ്പൂതിരിയെത്തന്നെ ശാന്തിക്കായി നിയമിക്കേണ്ടിവന്നു. അങ്ങിനെ കഴിഞ്ഞു കുറെക്കാലം. ഇപ്പോൾ നിയമം തന്നെ എല്ലാ ജാതിക്കും ക്ഷേത്രപ്രവേശനം അനുവദിച്ചിട്ടുള്ളതിനാൽ മററു സംഗതികൾ എടുത്തു പറയേണ്ടതില്ലല്ലൊ.

മേൽപ്പറഞ്ഞ രാജവംശക്കാർ ഒരു കാലത്തു് ക്ഷത്രിയരാ യിരുന്നവെന്നുള്ളതിന്നു ചില പ്രമാണങ്ങൾ ഇല്ലെന്നില്ല. ശേഖരിവമ്മൻ തീപ്പെട്ടാൽ പെരുമ്പടപ്പുതമ്പുരാന്നു ഒരു പുലകുളിയുണ്ടു്. തീപ്പെട്ട വിവരം എഴുതി ഒരു എഴാംകൂലിയുടെ കയ്യിൽ കൊടുത്തയക്കും, പെരുമ്പടപ്പിലെ കോലോത്തു എത്തിപ്പാനായി. അവിടത്തെ കായ്യസ്ഥൻ ആയതു സൂക്ഷിച്ചു വെച്ചു പുലപോവുന്ന ദിവസം തമ്പുരാൻ നീരാട്ടുകുളിക്ക എഴുന്നുള്ളുമ്പോൾ കുളങ്ങരയിൽച്ചെന്നു കാത്തിരിക്കും. മുങ്ങാറായാൽ 'എന്താ വിശേഷിച്ചോ' എന്നു തമ്പുരാൻ ചോദ്യമിടും. 'ശേഖരിവമ്മൻ തീപ്പെട്ടു' എന്നുത്തരം പറഞ്ഞു കായ്യസ്ഥൻ വ്യസനഭാവം അഭിനയിക്കും. 'അതുവ്വോ' എന്നുംപറഞ്ഞു തമ്പുരാൻ ഒന്നുംകൂടി മുങ്ങും: ഇങ്ങനെയൊക്കെയായിരുന്നു പണ്ടത്തെ പതിവു്. ഇപ്പോഴത്തെ കഥ 'നജാനെ'.

ഇന്നും വളരെ ജനങ്ങൾ ഈ ക്ഷേത്രദർശനം ചെയ്യുവരാറുണ്ടു്. അവരുടെ അഭീഷ്ടം ദേവി സാധിപ്പിച്ചു കൊടുക്കുന്നുമുണ്ടു്. ആ ദേവിയുടെ സ്തോത്രപരമായ ഒരു ശ്ലോകം ഇവിടെ ഉദ്ധരിക്കാം:

വില്ലിന്നുല്ലാസമൊക്കെക്കളയുമൊരു
ചെച്ചില്ലിവല്ലീയുഗത്താൽ
മെല്ലെന്നെന്നല്ലൽപോവാൻ സകൃതചി
സരസം തെല്ലുതല്ലീടുകെന്നേ
ചൊല്ലാവല്ലല്ലലെഞ്ചേതസി വിളരുമഹോ
മുല്ലപൊൺനാരിജാഭേ
ചൊല്ലേറീടുന്ന കല്ലേക്കുളജലനടുവിൽ
പ്രോല്ലസിച്ചോരു മായേ.

# IX

## ചമ്പ്രകുളങ്ങരഅയ്യപ്പൻ

പാലക്കാട്ടിനടുത്തുള്ള പറളി സ്റ്റേഷനിൽ നിന്നു സുമാറ് മൂന്നുമൈൽ പടിഞ്ഞാറചെന്നാൽ കാണാം പ്രസ്തുത അയ്യപ്പൻ ക്ഷേത്രം. ഈ വഴിക്ക റോഡ് ഗതാഗതം ഇല്ല. എന്നാൽ പാലക്കാട്ട ടൗണിന്നു കോങ്ങാട്ടേക്ക പോകുന്ന റോഡ് ഈ ക്ഷേത്രത്തിൻെറ അടുത്തുകൂടെയാണ്. സാമാന്യം വലിയ ഒരു ക്ഷേത്രമാണ ഈ അയ്യപ്പൻേറത്. ചില ഊരാളന്മാരാണ് ക്ഷേത്രപരിപാലനം ചെയ്യുന്നത്.

നമ്മുടെ അയ്യപ്പൻ ഒട്ടു വാൎദ്ധക്യംതട്ടിയ ദേവനാണെന്നു കാഴ്ചയിൽ തോന്നാം. എന്നാൽ ഒരു വിനോദപ്രിയനാണ്. എല്ലാ കലകളിലും അനുഭവമുള്ള ഒരു രസികനാണ്. തുള്ളൽ, ചാക്യാർകൂത്ത്, പാഠകം പറച്ചിൽ, പൊറാട്ടുകളി, തെരുക്കൂത്ത്, നാടകം, കഥകളി, കൃഷ്ണാട്ടംകളി, പാവക്കൂത്ത്, മോഹിനിയാട്ടം എന്നുവേണ്ടാ പാട്ടുകച്ചേരികൂടി ഈ ക്ഷേത്രത്തിൽ അഭിനവയോഗ്യമായവയാണ്. ഏതു കലകളുടെയും അരങ്ങേററം ഇവിടെവെച്ചു നടത്തുന്നതു അതാതിൻെറ ഭാവിപ്രചരണത്തിന്നു ഗുണകരമായി വരുമെന്നു കരുതപ്പെടുന്നു. തന്നിമിത്തം 'സേവക്കളി' അവിടെ ധാരാളം ഉണ്ടാകാറുണ്ട്.

സേവക്കളിക്ക അരങ്ങുപണം ഇല്ലെന്നു അറിയാമല്ലൊ. എന്നാൽ രണ്ടുനേരത്തെ വിഭവസമൃദ്ധമായ ഊണിന്നും അരങ്ങുകയറാനുള്ള പന്തലിന്നും വിളക്കെണ്ണയ്ക്കും ക്ഷേത്രാധികാരികൾ ഏൎപ്പാടു ചെയ്തുകൊടുക്കുന്നതു പ്രാചീനമായ ഒരു സമ്പ്രദായമാണ്. അമ്പാട്ടു കഥകളിയോഗം വളരെക്കാലം അഭിവൃദ്ധിയിൽ നിലനിന്നിരുന്നതു് അഭയരക്ഷകനായ ഈ ഭൂതനാഥൻെറ അനുഗ്രഹമാണെന്നു എല്ലാവൎക്കും അറിയാവുന്ന സംഗതിയത്രെ.

എനിക്കറിവുള്ളതും അനുഭവമുള്ളതുമായ ഒരു സംഗതി ഇവിടെ രേഖപ്പെടുത്താം. അതുണ്ടായതു്, എൻെറ ബാല്യദശയിൽ, എന്നുവച്ചാൽ ഉദ്ദേശം അൻപത്തിയഞ്ചുകൊല്ലം മുമ്പാണു്.

കൃഷ്ണാട്ടം കളി സാമൂതിരിക്കോവിലകത്തു അരങ്ങേററം കഴിഞ്ഞാൽ പിന്നീടുള്ള അരങ്ങുകൾ ഉണ്ടാവുന്നതു് ഗുരുവായൂരപ്പൻെറ സന്നിധിയിൽവെച്ചാണു്. കിഴക്കെ നടയിലായിരുന്നു പതിവു്. രാസക്രീഡ എന്ന മൂന്നാം ദിവസത്തെ കളിസമയത്തു് മല്ലപ്പൂമാലകോർക്കൽ എന്ന രംഗം നടക്കുമ്പോൾ ഭഗവാനും പ്രത്യക്ഷമായി അരങ്ങത്തുവന്നു ഗോപസ്ത്രീകളുടെ കൂട്ടത്തിൽ മേളിച്ചിരുന്നു എന്നും, തന്നിമിത്തം രംഗത്തു ശ്രീകൃഷ്ണൻ രണ്ടുണ്ടായിരുന്നുവെന്നും, അതിന്നുശേഷം കളി വടക്കെ നടയ്ക്കു മാററിയെന്നും പഴമക്കാർ പറയുന്നു. അതെന്തെങ്കിലുമാകട്ടെ. ഗുരുവായൂരിൽ ഒൻപതുദിവസത്തെ അരങ്ങുകഴിഞ്ഞാൽ പിന്നീടു് തൃക്കാവു്, ഹനുമാൻകാവു്, ചമ്രവട്ടം തിരുനാവായി, തൃക്കണ്ടിയൂര, എഴവാഞ്ചേരിമന മുതലായ ക്ഷേത്രങ്ങളിലും ഇല്ലങ്ങളിലും ഒന്നോ രണ്ടോ ദിവസത്തെ അരങ്ങുണ്ടാവും. ഇന്നിന്ന ദിവസമാണു് കളി എന്നു് മുൻകൂട്ടി അറിവു കൊടുത്തിട്ടുമുണ്ടാവും.

ഇങ്ങിനെ അവിടങ്ങളിലുള്ള അരങ്ങുകൾ കഴിഞ്ഞാൽ പിന്നെപ്പോകുന്നതു് സാമൂതിരിപ്പാട്ടിലെ സ്വത്തുക്കൾ ധാരാളമുള്ള മഞ്ഞളൂക്കാണു്. പാലക്കാട്ടിന്നു പത്തു മൈൽ തെക്കാണു് മഞ്ഞളൂര്. അവിടെയുമുണ്ടു് ഒൻപതു ദിവസത്തെ അരങ്ങു്. രാത്രി 12 മണിക്കു വിളക്കു വെക്കുകയും മൂന്നുമണിയോടുകൂടി പുറനീരു് പാടുകയും ചെയ്യും.

ഇടയ്ക്കൊന്നു പറഞ്ഞോട്ടെ. സാമൂതിരിക്കോവിലകം ഇപ്പോൾ സ്ഥിതിചെയ്യുന്ന തിരുവച്ചിറയിൽ ഞാൻ കണ്ടതു വേറെ വിധത്തിലാണു്. അസ്തമിച്ചു് എട്ടുമണിക്കു വിളക്കുവെക്കുകയും 12 മണിക്കു കളി അവസാനിക്കുകയുമായിരുന്നു അ

ന്നത്തെ പതിവു്. എസ്റ്റേയിററിൽനിന്നു ഭരണം മടക്കിവാങ്ങിയ തമ്പുരാൻെറ കാലത്തു് നടന്ന സംഭവങ്ങളാണു് പറയുന്നതു്. മുമ്പും പിമ്പുമുള്ള സമ്പ്രദായം എനിക്കു നിശ്ചയമില്ല. മേൽപ്പറഞ്ഞ തമ്പുരാൻ അരങ്ങിൻെറ ഒരു ഭാഗത്തു കസേരയിൽ എഴുന്നള്ളി ഇരുന്നു കളി മുഴവൻ തൃക്കൺപാക്കുകയും ശ്രീകൃഷ്ണഭഗവാൻെറ വേഷം തിരശ്ശീലക്കുമുമ്പിൽ പ്രത്യക്ഷപ്പെടുമ്പോൾ അവിടുന്നു് എണീററു് തൊഴുകയ്യോടെ ഭഗവൽസ്വരൂപത്തെ ധ്യാനിക്കുകയും ചെയ്യുന്നതു് ഞാൻ അനേകം തവണ കണ്ടിട്ടുള്ളതാകുന്നു.

ആ സംഗതി പോകട്ടെ. കൃഷ്ണാട്ടംകളി മഞ്ഞളൂക്കുപോകേണ്ടതു് നമ്മുടെ അയ്യപ്പൻെറ സന്നിധിൽക്കൂടിയാണു്. ഒരു സേവക്കളിയെങ്കിലും നടത്താതെ മഞ്ഞളൂക്കുപോകുന്ന പതിവു് ഇന്നേവരെ ഉണ്ടായിട്ടില്ല.

അവിചാരിതമായ ചില സംഭവങ്ങളാൽ അയ്യപ്പൻെറ സേവകഴിച്ചുകൊണ്ടു് മഞ്ഞളൂക്കുപോവാൻ ഒരുകൊല്ലം തരപ്പെട്ടില്ല. ഇന്നദിവസം മഞ്ഞളൂക്കു എത്തിക്കൊള്ളാമെന്നു് മുൻകൂട്ടി അറിയിച്ചിരുന്നു. പക്ഷെ മാർഗ്ഗമദ്ധ്യേ സംഗതിവശാൽ ഒരുദിവസത്തെ താമസം നേരിട്ടുപോയി. അയ്യപ്പൻെറ സേവ മടക്കത്തിൽ ആവാമെന്നുവെച്ചു കളിയോഗം നേരെ മഞ്ഞളൂക്കുചെന്നു. സദ്യകൾ കഴിഞ്ഞു. കേളിക്കയ്യും കഴിഞ്ഞു. വേഷക്കാർ ചുട്ടിക്കിരുന്നു. അരങ്ങത്തു വിളക്കുവെച്ചു. മേളപ്പദം തുടങ്ങി. ആനിക്കോടൻ ഭാഗവതരു് മംഗളഗാനവും പാടിത്തുടങ്ങി.

ആദ്യത്തെപുറപ്പാടു കംസൻെറയും വസുദേവർ ദേവകി എന്നിവരുടെയുമാണെല്ലൊ, ആദ്യത്തെ കഥയായ അവതാരത്തിൽ. ചുട്ടികുത്തുകഴിഞ്ഞു ഈ വേഷധാരികൾ ഉടുത്തുകെട്ടുവാനായി എണീക്കാൻ ശ്രമിക്കവെ മുതുകത്തു കലശലായ വേദന അനുഭവപ്പെട്ടുതുടങ്ങി. പലവിധ പരിശ്രമങ്ങൾ ചെയ്തി

ട്ടും ഫലമുണ്ടായില്ല. ഇതുകണ്ടു പരിഭ്രമിച്ചു മററുവേഷക്കാർ എണീക്കാൻ ശ്രമിച്ചു. അവക്കും തഥൈവ.

ഇതിലെന്തോ ദൈവികമായ പ്രതിബന്ധമുണ്ടെന്നു കരുതി മഞ്ഞളൂർപണിക്കർ തന്നെ രാശിവെച്ചു. അദ്ദേഹം ഒരു പ്രസിദ്ധനായ ജോത്സ്യനുമായിരുന്നു. നമ്മുടെ അയ്യപ്പൻെറ കോപമാണെന്നും പതിവുപോലെ അവിടത്തെ സേവകഴിക്കാതെ ആ വഴിക്കു വേറൊരു ദിക്കിൽ അരങ്ങു കയറുവാൻ അവിടുന്നു അനുവദിക്കയില്ലന്നും രാശിവശാൽ കണ്ട വിവരം പണിക്കർ അറിയിച്ചു. അയ്യപ്പനു ഒരു വഴിവാടു പ്രാത്ഥിച്ചു ഒഴിഞ്ഞുവെച്ചു. വേഷക്കാരുടെ വേദന പറപറന്നു. അന്നത്തെ കളി "കഷ്ടിച്ചുകേളികൊട്ടിച്ചതെന്നും വരും" എന്നമട്ടിൽ അവസാനിച്ചുവെന്നു് എടുത്തുപറയണ്ടതില്ലല്ലോ.

പിറേറദിവസം കാലത്തു കളിക്കാർ കെട്ടും പെട്ടിയും ഭേസി അയ്യപ്പൻെറ തിരുമുററത്തെത്തി. പണിക്കരും ഒന്നിച്ചുണ്ടായിരുന്നു. വഴിവാടുകഴിച്ചു. വിശെഷവിധിയായി നിറമാല, കളഭം, മുതലായ ചടങ്ങുകൾ നിവ്വഹിച്ചു. പൊടിപൊടിച്ച സദ്യയും—അവണ്ണക്കും സവണ്ണക്കും പരക്കെ. ആദ്യദിവസം സേവക്കളി. പിറേറദിവസം 'തെററുകളി'—എന്നുവെച്ചാൽ പ്രായശ്ചിത്തമായ ഒരു അരങ്ങു എന്നത്ഥം. അതുകഴിഞ്ഞു മഞ്ഞളൂക്കു മടങ്ങി, പതിവുപൊലെ അരങ്ങുകൾ കഴിച്ചുകൂട്ടുകയുമായി.

സന്താനമില്ലാത്ത തറവാട്ടുകളിൽ സന്താനാത്ഥം കൃഷ്ണാട്ടംകളി കളിപ്പിക്കുക എന്ന ഒരു ഏപ്പാടു പണ്ടുപണ്ടേ ഉണ്ടായിരുന്നു. പാലക്കാട്ടു പുതുശ്ശേരി അംശത്തിലുള്ള വടശ്ശേരി എന്ന പ്രഭുകുടുംബത്തിൽ സന്തതിയില്ലാതിരുന്നതിനാൽ അവിടത്തെ പ്രധാനിയായിരുന്ന പാറുമന്നാടിശ്യാർ സന്താനാത്ഥം ഒമ്പതുദിവസത്തെ അരങ്ങു നടത്താമെന്നു പ്രാത്ഥിക്കയും ഒരു ഉണ്ണി ജനിക്കുകയും ചെയ്തു. അദ്ദേഹമാണു് ഇന്നും ആ തറവാട്ടിൽ കാരണവരായിരിക്കുന്ന ശ്രീമാൻ വി. ഐ. മന്നാടി

യാം. അതുപോലെതന്നെ ഒററപ്പാലം സമീപമുള്ള പാലക്കാട്ടില്ലത്തു സന്താനാത്ഥം അവതാരം കളിപ്പിക്കാമെന്നു പ്രാത്ഥിക്കുകയും ഒരു ഉണ്ണി ജനിക്കുകയും ചെയ്തു. ഈ രണ്ടു സ്ഥലങ്ങളിലും സദ്യയിൽ ഊണും കഴിച്ചു അരങ്ങുകൾ കണ്ടു അനുഭവിച്ചവനാണു് ഈ ലേഖകൻ. ഈ സംഗതികൾ അറിവുള്ള പഴമക്കാർ ഇന്നും അവിടവിടെ ശേഷിച്ചുകാണും.

## X
## തൃക്കാവിലെ ശ്രീരാമക്ഷേത്രം

തെക്കെ മലബാറിലെ മൂകാംബികയാണു് തൃക്കാവിലെ ഭഗവതി. ഈ ക്ഷേത്രമതിലിന്നകത്താണു് പ്രസ്തുത ശ്രീരാമസ്വാമി ക്ഷേത്രവും സ്ഥിതിചെയ്യുന്നതു്. ശ്രീരാമൻെറ മുമ്പിൽ ഹനുമദ്പ്രതിഷ്ഠയുമുണ്ടു്. എന്നാൽ

ലക്ഷ്മണനില്ലാ ഭരതനുമില്ലാ
ലക്ഷ്മണനാം ശത്രുഘ്നനുമില്ലാ
ലക്ഷ്മീഭഗവതിയാകിയ സീതയും
അക്ഷിതിപൻെറ സമീപത്തില്ലാ

എന്നുള്ള നിലയിലാണു്. ഈ ക്ഷേത്രം തൃക്കാവു ക്ഷേത്രവളപ്പിൽ വരുവാനുള്ള ഐതിഹ്യമാണു് ഇവിടെ പറയുവാൻ പോകുന്നതു്.

'എങ്കിലോ പണ്ടു'' അഥവാ (ആസീദ് പുരാ) ഉത്തരേന്ത്യയിലെ രണ്ടു കച്ചവടക്കാർ മലയാളത്തിലേക്കു പുറപ്പെട്ടു. ഒരാളൊരു ഹിന്ദുവും മററയാൾ മുഹമ്മദീയനുമായിരുന്നു. പൊന്നാനി തുറമുഖത്തു് പകൽസമയം കപ്പൽ വന്നടുത്തു. അവർ ഒരു ചെറുവഞ്ചിപിടിച്ചു കരയ്ക്കിറങ്ങുവാനൊരുങ്ങി. ഭാരതപ്പുഴ സമുദ്രത്തിൽ ചെന്നുചേരുന്ന സ്ഥലത്തിന്നാണു് അഴിമുഖം എന്നു പറയാറു്. ഈ അഴിമുഖം വളരെ അപകടം പിടിച്ചതാണു് അന്നും ഇന്നും. മഴക്കാലങ്ങളിൽ പ്രത്യേകി

ച്ചും വളരെ കരുതൽ കൂടാതെ കഴികയില്ല. അഴിമുഖത്തു തോണിമറിച്ചിൽ മുതലായ അനിഷ്ടസംഭവങ്ങളുണ്ടാകുന്നുണ്ടോ എന്നു നോക്കിയിരിപ്പാനും ആവശ്യമുള്ള സമയം ചെറിയ ഓടിവഞ്ചികളിൽച്ചെന്നു അപകടത്തിൽപ്പെടുന്നവരെ രക്ഷിപ്പാനും ഇന്നും ഗവമ്മേണ്ടു ചിലവിൽ ആളെനിത്തിയിരിക്കുന്നതു് പരക്കെ അറിവുള്ള സംഗതിയാണു്.

നമ്മുടെ കഥാപുരുഷന്മാർ സാമാനങ്ങൾ കരയ്ക്കു കൊണ്ടുവരുവാൻ കരാറു കൊടുത്തശേഷം തങ്ങൾക്കു് കരപററുവാനായി ഒരു ചെറുവഞ്ചി ചട്ടംചെയ്തു. വിശപ്പും ദാഹവും ദുസ്സഹമായതിനാൽ കരപററുവാൻ അവക്കു വെമ്പലായിരുന്നു. കടൽ കലശലായി കോപിച്ചിരുന്നതുകൊണ്ടു് വഞ്ചിക്കാക്കു തോണി വിടുവാൻ അശേഷം മനസ്സുണ്ടായിരുന്നില്ല. എങ്കിലും കച്ചകടക്കാരുടെ നിബ്ബന്ധം നിമിത്തവും കൂലി എന്തുവേണമെങ്കിലും തരാമെന്നു കച്ചവടക്കാർ പറഞ്ഞതിനാലും വഞ്ചിക്കാർ വഴിപ്പെട്ടു എന്നേയുള്ളു. എന്നാൽ അഴിമുഖത്തിൻെറ മദ്ധ്യത്തിലായപ്പോൾ വഞ്ചിക്കാരുടെ ഹൃദയം തുടിച്ചു തുടങ്ങി. വഞ്ചി മറിയുമെന്നുള്ള മട്ടിലായി. "ചെമ്പ്രവട്ടത്തയ്യപ്പാ! നീയെ ശരണം" എന്നു അവർ നിലവിളിച്ചുതുടങ്ങി.

അപ്പോൾ ഹിന്തു തൻെറ കുലദൈവമായ ശ്രീരാമസ്വാമിയേയും മുസൽമാൻ തൻെറ അള്ളാവിനേയും ഹൃദയപൂവ്വം പ്രാത്ഥിച്ചു. ഓളം നിന്നു അപകടം കൂടാതെ കരയ്ക്കിറങ്ങിയാൽ ഒരു ശ്രീരാമക്ഷേത്രം പണിയാമെന്നു് ഹിന്തുവും ഒരു പള്ളി പണിയാമെന്നു മുസൽമാനും മനസ്സുകൊണ്ടു നേരുകയും ചെയ്തു.

അചിരേണ ഓളം നിന്നു. വഞ്ചി യാതൊരാപത്തും കൂടാതെ കരയ്ക്കണഞ്ഞതോടെ തോണിക്കാർ നല്ല സമ്മാനം വാങ്ങിപ്പിരിഞ്ഞു.

തൃക്കാവു എന്ന സ്ഥലം ഈ കടൽക്കരയിൽ നിന്നു സുമാറു് അരമൈൽ ദൂരത്താണു്. നമ്മുടെ കച്ചവടക്കാർ അവിടെ

ച്ചെന്നു വിശ്രമിച്ചശേഷം വില്ലേജിലാകെയൊന്നു ചുററിനടന്നു. അവിടത്തെ ഭഗവതിക്ഷേത്രം കണ്ടപ്പോഠം നമ്മുടെ ഹൈന്ദവവ്യാപാരി അതിൻെറ ഉടമയെപ്പററി അന്വേഷണം നടത്തുകയും ചെയ്തു. ക്ഷേത്രം സാമൂതിരിപ്പാട്ടിലേതാണെന്നു അറികയാൽ അവിടെച്ചെന്നു മുഖം കാണിച്ചു. ഒരു ക്ഷേത്രനിൎമ്മാണം ചെയ്യാനുള്ള അപേക്ഷയെ അവിടുന്നു് സന്തോഷപൂൎവ്വം സമ്മതിച്ചു അനുമതികൊടുത്തു.

മുസൽമാൻ പൊന്നാനിനഗരത്തുള്ള മുസ്ലിം പ്രധാനികളെ ചെന്നുകണ്ടു. അവിടെ ഒരു പള്ളി കെട്ടാനുള്ള അദ്ദേഹത്തിൻെറ അപേക്ഷയെ അവരും അനുവദിക്കുകയായി.

പിന്നെ ഇരുവരുംകൂടി ആലോചിച്ചു ക്ഷേത്രവും പള്ളിയും മുഖത്തോടുമുഖമായിരിക്കേണമെന്നു തീൎച്ചയാക്കി. ആപത്തിൽപ്പെട്ട രണ്ടുമനുഷ്യർ മുഖത്തോടുമുഖം നോക്കിയിരുന്നപ്പോഴത്തെ ഒരുമയുടെ സ്മാരകംതന്നെ, ആ പ്ലാൻ! ഭഗവതിയുടെ ദൃഷ്ടി കിഴക്കോട്ടാകയാൽ ശ്രീരാമൻെറ ദൃഷ്ടി പടിഞ്ഞാട്ടേക്കാക്കി. പള്ളിയുടെ മുഖം കിഴക്കോട്ടായും പണിതു. ഇവതമ്മിൽ ഒരു ഫർലാങ്ങിലധികം ദൂരമില്ല. ഇയ്യിടെ തമദ്ധ്യത്തിലായി ഓരോ എടുപ്പുകഠം വന്നിരിക്കുന്നതിനാൽ ഇപ്പോഠം നേരിട്ടുകാണുന്നതു് ക്ലേശിച്ചാണെന്നു മാത്രം. തൃക്കാവിലെ ശാന്തിക്കാരൻതന്നെയാണു് ഇവിടത്തെ ക്ഷേത്രത്തിലും പൂജാദികഠം ചെയ്യുന്നതു്. പൂജക്കും മററും ആവശ്യമുള്ള മുതൽ മേൽപ്പറഞ്ഞ ഹൈന്ദവവ്യാപാരി സാമൂതിരിപ്പാട്ടിലെ ഏല്പിച്ചിട്ടുണ്ടെന്നും അറിയുന്നു.

തെക്കെ മലബാറിലെ മുസ്ലിംപള്ളികളിൽവെച്ചു പ്രാധാന്യമേറിയ ഒന്നാണു ഇവിടത്തെ ജാറം. പൊന്നാനിത്തങ്ങളുടെ അദ്ധ്യക്ഷതയിൽ സഭകൂടുന്നതും മാൎഗ്ഗത്തിൽ ചേൎക്കുന്നതും മററും ഈ പള്ളിയിൽ വെച്ചാണുതാനും.

ഈ ശ്രീരാമക്ഷേത്രത്തെ "കൃഷ്ണൻകോവി"ലെന്നു പൊന്നാനിക്കാർകൂടി പറഞ്ഞുവരുന്നതിൻെറ കാൎയ്യമാണു് മനസ്സി

ലാവാത്തതു്. എനിക്കുതന്നെ സംശയമുണ്ടായി. ശാന്തിക്കാരനോടു ചോദിച്ചപ്പോളാണു് സൂക്ഷ്മം അറിവാൻ സംഗതിവന്നതു്. ശ്രീകൃഷ്ണഭഗവാൻ ഗരുഡഗർവ്വഭംഗം എന്ന കഥയിൽ ശ്രീരാമചന്ദ്രന്റെ വേഷം ധരിച്ചു ഹനൂമാനു അനുഗ്രഹം ചെയ്യുന്നുണ്ടല്ലൊ—ആ സന്ദർഭമാണു് ഇവിടെ ധ്യാനമെന്നു് മനസ്സിലായി.

## XI

## വെള്ളിയാൻകല്ലും കൊടിക്കുന്നം ക്ഷേത്രവും

പറയിപെററ പന്തിരുകുലത്തിലെ കാരണവൻ സുപ്രസിദ്ധനായ മേഴത്തൂർ അഗ്നിഹോത്രി ആണല്ലൊ. അദ്ദേഹത്തിന്റെ ഇല്ലത്തിന്നു വടക്കുഭാഗത്തായിട്ടാണു് മലയാളത്തിൽ പ്രസിദ്ധിപെററ ഭാരതപ്പുഴ ഒഴുകുന്നതു്. പള്ളിപ്പുറയിൽവെ സ്റ്റേഷനിൽനിന്നു ഏതാണ്ടു് രണ്ടരനാഴിക തെക്കുഭാഗത്തുകൂടി ഒഴുകുന്ന ഈ നദിക്കു് പലതരത്തിലും പ്രാധാന്യമുണ്ടു്. അഗ്നിഹോത്രി 99 യാഗങ്ങൾ ചെയ്തിട്ടുള്ളതു ഈ നദീതീരത്തുവെച്ചാണു്. നൂറാമത്തെ യാഗത്തിന്നു വട്ടംകൂട്ടിസ്ഥാനത്തിന്നു വരുമ്പോൾ പരിഭ്രാന്തചിത്തനായ ദേവേന്ദ്രൻ ഒരു ബ്രഹ്മചാരിയുടെ രൂപത്തിൽ വഴിയിലുള്ള ഒരു ആലിൻചുവട്ടിൽ പ്രത്യക്ഷപ്പെട്ടു വരം ചോദിക്കുകയും അഗ്നിഹോത്രി അതു് നല്കുകയും ചെയ്തു. വരം, നൂറാമത്തെ യാഗം കഴിക്കരുതെന്നും എന്നാൽ 'ശതക്രതു' ആകുമെന്നും അതുകൊണ്ടു നൂറാമത്തെ യാഗത്തിന്റെ ഫലം തരാമെന്നും ആയിരുന്നു. അഗ്നിഹോത്രിക്കു സമ്മതിക്കാതെ തരമില്ലല്ലൊ. ഏതായാലും 'ശതക്രതു' ഉണ്ണിയായി പ്രത്യക്ഷമായ ആ ആല് ഇന്നും "ഉണ്ണിയാൽ" എന്ന പേരിൽ പുഴയുടെ തെക്കുഭാഗത്തുള്ള പാടത്തിന്റെ മദ്ധ്യത്തിൽ നില്ക്കുന്നുണ്ടു്. എഴുപതുവയസ്സിലധികം പ്രായമായ കാരണവന്മാർ പറയുന്നു, അവക്കു് ഓൎമ്മ വെക്കുന്ന കാലത്തും അതങ്ങനെയായിരുന്നെന്നു്. അവരുടെ മുത്ത

ശ്ശന്മാരും മുത്തശ്ശിമാരും പറഞ്ഞിരുന്നതു് അവക്കു് ഓൎമ്മ വരുന്ന കാലത്തും അതിങ്ങനെതന്നെ ആയിരുന്നുവെന്നത്രെ. ഇന്നും അതൊരു ചെറിയ ആലാണു്.

യാഗത്തിനുള്ള ഹോമകുണ്ഡം പുഴയുടെ തെക്കെക്കരയിൽ ഇല്ലത്തിനടുത്തും, ഢദ്യ തുടങ്ങിയവ പുഴയുടെ വടക്കെകരയിലുമായിരുന്നു എന്നാണു് പഴമക്കാർ പറഞ്ഞുവരുന്നതു്. രണ്ടിന്റെയും നിദാനമായി ഓരോ ലക്ഷ്യങ്ങൾ ഇന്നും കാണാം. അവസാനമായി ഹോമകുണ്ഡത്തിൽ ഒരു അരയാൽ വൃക്ഷം സ്ഥാപിച്ചു ഷോഡശോപചാരങ്ങൾ ചെയ്തതായി പറയപ്പെടുന്നു. കൂററനായ ഒരു അരയാൽവൃക്ഷം ഇന്നും അവിടെ കാണാം. യജ്ഞേശ്വരം എന്ന പേരിലുള്ള ഒരു ക്ഷേത്രവും തൊട്ടുണ്ടു്. കേരളത്തിൽ എവിടെയായാലും യാഗം കഴിക്കേണമെങ്കിൽ ഈ അരയാലിൽനിന്നു ഇലകളും ചമതകളും കൊണ്ടുപോകണം. 99 യാഗവും വളരെ കേമമായി കഴിച്ചിട്ടുണ്ടെന്നാണു് ഐതിഹ്യം.

അന്നുണ്ടായിരുന്ന സദ്യകൾക്കു അരി അരിച്ചുകൂട്ടിയ കല്ലുകളെ വിശാലമായ ആ പാടത്തിന്റെ മദ്ധ്യത്തിൽ ഇട്ടിരുന്നതു ഇന്നവിടെ ഒരു കുന്നുപോലെ കാണാം. അതിൽ ആശ്ചര്യമില്ല. ഇക്കഴിഞ്ഞ പത്തുകൊല്ലത്തെ റേഷൻ കാലത്തു ഓരോ കുടുംബത്തിൽനിന്നും പെറുക്കിയെടുത്ത കട്ടിസാളി ഗ്രാമങ്ങൾ ഒന്നിച്ചു കൂമ്പാരമാക്കുന്ന പക്ഷം ഇതിലും വലിയ ഒരു കുന്നുണ്ടാവാനും പ്രയാസമില്ലാത്തതാണല്ലോ. ഇതിനടുത്തുള്ള സ്ഥലത്തിനെയാണു വെളിയാൻകല്ലു എന്നു പറഞ്ഞുവരുന്നതു്.

ഇതു കൊടിക്കുന്നം ക്ഷേത്രത്തിന്റെ ഒരു നാഴിക തെക്കു ഭാഗത്തായാണു്. അവിടെ അഗ്നിഹോത്രി തേവാരം ചെയ്യുന്ന സമയത്തു കുളിച്ചശേഷം ഈറൻവസ്ത്രത്തെ ഒരു പാറപ്പുറത്തു ഉലരുവാൻ ഇടുക പതിവായിരുന്നു. ആ വസ്ത്രത്തിന്റെ

പാട്ട ഇന്നും അവിടെ കരുത്തപാറയിൽ വെളുത്ത നിറത്തിൽ ഒരു വിരൽ കനത്തിൽ കാണാം.

അവിടെനിന്നും ഏകദേശം ഒരു നാഴിക വടക്കുഭാഗത്തായി ചെറിയൊരു കുന്നിൻമുകളിൽ സുപ്രസിദ്ധവും ഏററവും ശക്തിയുള്ളതുമായ കൊടിക്കുന്നം മഹാക്ഷേത്രം സ്ഥിതിചെയ്യുന്നു. ഈ ക്ഷേത്രസംബന്ധമായ ഒരു ഐതിഹ്യമാണ ഇനി പറയാൻ പോകുന്നതു്.

കാവേരിനദിക്കു ഒരു അണകെട്ടുവാൻ അന്നത്തെ പെരുമാറം തീച്ച്പ്പെടുത്തി. എത്രയായിട്ടും അണയുടെ കാൽ ഉറച്ചില്ല. പണിയാകെ നിരുത്സാഹത്തിലായി പലതരത്തിലുള്ള മന്ത്രങ്ങളും തന്ത്രങ്ങളും പാണ്ഡ്യരാജ്യത്തിലെ പുരോഹിതന്മാർ പ്രയോഗിച്ചുനോക്കി. അവയെല്ലാം വിഫലമായതേയുള്ളു. അവസാനം ഒരു സന്യാസിവയ്യന്റെ നിർദ്ദേശപ്രകാരം മലബാറിൽനിന്നു അഗ്നിഹോത്രിയെ വരുത്തി ചില കർമ്മങ്ങറം ചെയ്യിപ്പിക്കുവാൻ തീരുമാനിച്ചു.

രാജകിങ്കരന്മാർ രാജോചിതമായ ഉപചാരങ്ങളോടുകൂടി അഗ്നിഹോത്രിയെ കൂട്ടിക്കൊണ്ടുവന്നു. അഗ്നിഹോത്രിക്കു ആ കാവേരീനദീതീരം കണ്ടപ്പോറം തന്നെ ഒരു പ്രത്യേകത ഉണ്ടെന്നു മനസ്സിലായി. ദിവ്യശക്തിയാൽ കായ്യം മനസ്സിലാക്കിയ ആ മഹാൻ അഗാധമായ ആ നദിയിലേക്കു ഒന്നു ചാടി. പൊങ്ങിവരുമ്പോറം അദ്ദേഹത്തിന്റെ കയ്യിൽ മൂന്നു ശൂലങ്ങറം ഉണ്ടായിരുന്നു. ഇനി അണ അവിടെ കെട്ടിയാൽ ഉറക്കുമെന്നു മാത്രം പറഞ്ഞു അദ്ദേഹം കേരളത്തിലേക്കു തിരിച്ചു. ത്രിശൂലധാരിയായിപ്പോന്ന ഈ മഹാനോടു പെരുമാറം ഒന്നും ചോദിച്ചില്ലായിരിക്കാം. അഥവാ അണകെട്ടുവാൻ വിഘ്നപ്പെടുത്തുന്ന ആ ശൂലങ്ങറം പോയതു നന്നെന്നു് വിചാരിച്ചതായുംവരാം. എങ്ങിനെയായാലും കേരളീയരായ നമ്മുടെ ഭാഗ്യാതിരേകത്താൽ ആ മൂന്നു ശൂലങ്ങളും കേരളത്തിന്റെ മദ്ധ്യപ്രദേശത്തെത്തി.

സ്വൎണ്ണം, വെള്ളി, ഇരുമ്പ് ഇവയാൽ നിൎമ്മിച്ചതായിരുന്നു ആ ഓരോത്തുലവും. സൎവ്വവ്യാപിയായ ദേവിയെ മൂന്നു നിലയിൽ ആവാഹിപ്പിച്ചിരുന്നു. സ്വൎണ്ണത്തുലത്തെ സ്വന്തം ഇല്ലത്തുള്ള തേവാരമുറിയിൽ പ്രതിഷ്ഠിച്ചു, അഗ്നിഹോത്രി. ഈററില്ലത്തുഭഗവതി എന്ന പേരിലാണു ഇപ്പോൾ ജനങ്ങൾ അവിടെ ധ്യാനിച്ചുവരുന്നതു്. സുഖപ്രസവസംബന്ധമായി അനേകം വഴിപാടുകൾ ഇന്നും അവിടെ നടന്നുവരുന്നുണ്ടു്. ഇന്നും കൈകണ്ട അനുഭവങ്ങൾ പലൎക്കും അനുഭവപ്പെട്ടുവരുന്നു.

വെള്ളിത്തുലം അദ്ദേഹം പതിവായി സ്നാനംചെയ്തു ജപത്തിനായി ഇരിക്കാറുള്ളതും വസ്ത്രത്തിൻെറ പാടു ഇന്നും കാണുന്നതായി മുകളിൽ പറഞ്ഞിട്ടുള്ളതുമായ പാറയുടെ (ഭാരതപ്പുഴയുടെ വടക്കുഭാഗത്തായി പുഴയിലേക്കു തള്ളിനിൽക്കുന്ന ഒരു ചരിഞ്ഞ കരിമ്പാറ) അടിയിലായി സ്ഥാപിച്ചു. ആ പാറക്കു് വെള്ളിയാംകല്ലു് എന്നു പേർ വരുവാൻ കാരണം ഇതായിരിക്കാം. ഈ സ്ഥലത്തു സ്നാനാദികൾ ചെയ്യുന്നതു ഏററവും പുണ്യകരമാണെന്നു പറഞ്ഞുവരുന്നു, അമാവാസിമുതലായ വിശേഷദിവസങ്ങളിൽ പിതൃകൎമ്മത്തിനും മററും വളരെ ജനങ്ങൾ തടിച്ചുകൂടുന്ന സ്ഥലമാണതു്. ഭാരതപ്പുഴയിൽ തീരെ വെള്ളം ഇല്ലാതെ വരുന്ന കാലത്തും ഈ പാറയുടെ നാലുപുറവും വെള്ളം ഉണ്ടാവും.

മുങ്ങുന്നസമയത്തു ധ്യാനംചെയ്യുന്ന രണ്ടു ശ്ലോകങ്ങൾ ഇവിടെ ചേൎക്കുന്നു. വല്ലതും അക്ഷരപ്പിഴ പററീട്ടുണ്ടോ എന്നും നിശ്ചയമില്ല.

(1)

പുണ്യേമാന ജടായവത്സര ദിനേ
മാഘേല രവേശോണിമാം
വൎണ്ണമാമകരേ ച വിംശതി ദിനേ
കൂടുന്നമാവാസിയിൽ

പുണ്യേയം ഭാരതാഖ്യം നവനദിയിലഹോ
പാപമെല്ലാം നശിപ്പാൻ
വൎണ്ണിക്കുന്നഃസ്സൂൎയ്യദൃ തിരുദയദിനേ
സ്നാനകൎമ്മം കരോമി

(2)

വെള്ള്യാംശിലാഖ്യനദി ഭാരതപുണ്യദേശേ
പ്രാൎത്ഥിച്ചുകൊണ്ടു നനയാൻഗതനായിതാ ഞാൻ
പുണ്യ ദിനേമമകൃതംഫലമഹോനശിപ്പാൻ
പുണ്യ ദിനെഗതഗതേ നനയുന്നിതാഞാൻ

ഇനി ഇരുമ്പു ശ്ശൂലമാണല്ലൊ ഒന്നു ബാക്കിയുള്ളതു്. രണ്ടു ശ്ശൂലങ്ങൾ സ്വന്തമായി പ്രതിഷ്ഠിച്ച അഗ്നിഹോത്രി ഇരുമ്പു ശ്ശൂലം തന്റെ സീമന്തപുത്രന്റെ കയ്യിൽ കൊടുത്തു പ്രതിഷ്ഠിക്കുവാൻ പറഞ്ഞു. ഏററവും ശക്തിയുള്ള ഈ ശ്ശൂലം പുത്രന്റെ കയ്യിൽ പ്രതിഷ്ഠിപ്പാനായി കൊടുത്തതു മകന്റെ തപ:ശക്തിയും മന:ശക്തിയും പരീക്ഷിപ്പാനായിരിക്കാം. ഏതായാലും അഗ്നിഹോത്രി പറഞ്ഞുകൊടുത്ത ആ കുന്നിൻ മുകളിൽ ശ്ശൂലം പ്രതിഷ്ഠിക്കുവാനായി മകൻ ഒരുങ്ങി. പടിഞ്ഞാട്ടു മുഖമായിട്ടു പ്രതിഷ്ഠിക്കുവാനായിരുന്നു അഗ്നിഹോത്രിയുടെ ആജ്ഞ. മന്ത്രതന്ത്രങ്ങളോടു ഇടി പടിഞ്ഞാട്ടു തിരിച്ചു വെച്ച ശ്ശൂലം അതാ പെട്ടെന്നു കിഴക്കോട്ടുതന്നെ തിരിയുന്നു. പലതരത്തിലുള്ള മന്ത്രങ്ങൾ ഉച്ചരിച്ചുകൊണ്ടു മകൻ വളരെ പരിശ്രമിച്ചു. പിന്നെയും ശ്ശൂലം കിഴക്കോട്ടുതന്നെ. അവസാനം ഇളനീർകൊണ്ടുവരീച്ചു അതിന്റെ മൂടുവെട്ടി അഭിഷേകം കഴിച്ചു രക്തപുഷ്പാഞ്ജലിയും ചെയ്തപ്പോൾ ശ്ശൂലം ശരിക്കുറച്ചു; തിരിച്ചിലും തീൎന്നു. പ്രതിഷ്ഠാപനവൎത്തമാനം മുഴുവൻ പിതാവു ചോദിച്ചറിഞ്ഞു. പുത്രന്റെ മറുപടികേട്ടു "ഇളനീർ മൂടുവെട്ടി അഭിഷേകം കഴിച്ചു അല്ലെ. ഇനി ഇല്ലത്തെ പടിഞ്ഞാററിയിലേക്കു കടക്കേണ്ടാ" എന്നു പ

റഞ്ഞുവത്രെ. ഇളനീർമുട്ട വെട്ടുന്നതു മദ്യമായിട്ടാണല്ലോ പഴമക്കാർ കണക്കാക്കുക.

ആഢ്യബ്രാഹ്മണനായ അഗ്നിഹോത്രിയുടെ പുത്രനായാലും മദ്യം നിവേദിച്ചതുകൊണ്ടു അധഃപതനം വന്നുവേിച്ചു. അദ്ദേഹത്തിൻെറ വംശപരമ്പരയാണ് 'അടികൾ' എന്നപേരിൽ കൊടിക്കുന്നത്തും കൊടുങ്ങല്ലൂരും കാണുന്നവർ. രാവിലത്തെ പൂജ കഴിഞ്ഞാൽ അടികൾ അകത്തുകടന്നിരുന്ന് ഇന്നും രക്തപുഷ്പാഞ്ജലി ചെയ്യുന്നതു കാണാം.

കൊടിക്കുന്നത്തു രണ്ടു കോമരങ്ങൾ ഉണ്ട്. ഇവക്കു ഒരു പ്രത്യേകതയും ഉണ്ട്. ഓരോ വെളിച്ചപ്പാടിനും ഈ രണ്ടു വാളാണ്. ഓരോന്നു ഓരോകയ്യിൽ. സാധാരണ രണ്ടു കൈകളിലും വാളുള്ള വെളിച്ചപ്പാടന്മാരെ മററെങ്ങും കാണുവാനിടയില്ലെന്നു തോന്നുന്നു. വലതുകയ്യിൽ സാധാരണ കാണാറുള്ള വളഞ്ഞ വാളും ഇടതുകയ്യിൽ കടുത്തിലപോലെ നീണ്ട വാളുമാണു ഇവക്കുള്ളതു്. ദേവിക്കു എന്തെങ്കിലും വിധത്തിൽ അഹിതം തോന്നിയാൽ വെളിച്ചപ്പാടന്മാർ സ്വന്തം തലയിൽ വെട്ടുക പതിവാണല്ലോ. കടുത്തില തലയിൽ വെച്ചു വലതുകയ്യിലെ വളഞ്ഞ വാൾകൊണ്ടു ശക്തിയിൽ കടുത്തിലമേൽ അടിക്കുകയാണ് ചെയ്യുക. ഇവരിൽ പ്രായമേറിയ ആളെ വലിയവെളിച്ചപ്പാടെന്നും പ്രായംകുറഞ്ഞാളെ ചെറിയ വെളിച്ചപ്പാടെന്നും സാധാരണ പറഞ്ഞുവരുന്നു. ഉത്സവം, പൂരം, താലിപ്പൊലി ഈവക യാതൊന്നും ഇവിടെ നടത്താറില്ല. എന്നാൽ ഇവിടേക്കു പാട്ടു, താലിപ്പൊലി എന്നവ ഈ ക്ഷേത്രത്തിൽനിന്നും സുമാറു് അരനാഴിക കിഴക്കു ചെറുംകര എന്ന ക്ഷേത്രത്തിൽവെച്ചു പതിവുണ്ട്. എല്ലാകൊല്ലങ്ങളിലും പാട്ടും താലിപ്പൊലിയും അവിടെയാണു പതിവു്. വെളിച്ചപ്പാടന്മാർ ഇവരും.

ഇടയിൽ ഒരു കളംപാട്ടു കൊടിക്കുന്നംക്ഷേത്രത്തിൻെറ കിഴക്കേഭാഗത്തുള്ള വാതിൽമാടത്തിലും കഴിക്കാറുണ്ട്.

അവിടെയുമുണ്ടു് ഒരു വിശേഷം. ശ്രീകൃഷ്ണനാണു ചെറുകരെ പ്രതിഷ്ഠ. നാലമ്പലത്തിന്നുവെളിയിൽ നടയുടെ വലത്തുഭാഗത്തായി പ്രത്യേകം പന്തലിട്ടു വിതാനിച്ചു ആ ദിക്കിലാണു പാട്ടു പതിവു്.

കൊടിക്കുന്നം ക്ഷേത്രത്തിൻെറ കിഴക്കെനടയിൽ ഒരു വ്യാഴവട്ടക്കാലംകൂടുമ്പോൾ ഒരു കുരുതി പതിവുണ്ടു്. അതിന്നു ഏതെങ്കിലും വിധത്തിൽ അമാന്തം വന്നാൽ പലപ്പോഴും ആ തട്ടകത്തിലുള്ളവൎക്കു പല ആപത്തുകളും വ്യക്തമായി കാണാം. ഈ തട്ടകത്തിന്നുള്ളിൽ ഉള്ളവൎക്കു കൊടുങ്ങല്ലൂർ ഭരണിക്കു പോകുവാൻ പാടില്ല. കൊടിക്കുന്നത്തുനിന്നും തെക്കുഭാഗത്തായിട്ടാണല്ലൊ കൊടുങ്ങല്ലൂർ മഹാക്ഷേത്രം. എന്തോ കാരണവശാൽ ഈ ദേവിമാർ തമ്മിൽ പിണക്കമാണെന്നാണു് സങ്കല്പം. അതുകൊണ്ടു കൊടിക്കുന്നത്തെ തെക്കെ നട പോലും അടച്ചിട്ടിരിക്കയാണു് ചെയ്തുകാണുന്നതു്.

പണ്ടുകാലത്തു മുൻപറഞ്ഞ കുരുതി വടക്കെ നടയിൽ വെച്ചായിരുന്നുവത്രെ നടത്തിയിരുന്നതു്. ചുരുങ്ങിയതു ഒരു മാസം കാലമെങ്കിലും അടികൾ വ്രതത്തിൽ ഇരുന്നിട്ടുവേണം ഈ കുരുതി തൎപ്പിക്കുവാൻ.

ഒരു സന്ദൎഭത്തിൽ വടക്കെ നടയിൽവെച്ചു് കുരുതിതൎപ്പിണസമയത്തു്, തികച്ചും മനഃശക്തിയോ മന്ത്രശക്തിയോ ഇല്ലാത്ത കാരണത്താലായിരിക്കാം, അടികളേയും ആനയേയും വിളക്കുപിടിച്ചുനിന്നിരുന്ന കഴകക്കാരനേയും പെട്ടെന്നു കാണാതായത്രെ. ഏതായാലും അതിൽപ്പിന്നെ കിഴക്കെ നടയിലാണു് കുരുതി പതിവു്.

ക്ഷേത്രത്തിൻെറ നട പടിഞ്ഞാട്ടാണെന്നു പറഞ്ഞുവല്ലോ. തൊട്ടു വടക്കുഭാഗത്തു കിഴക്കോട്ടു തിരിഞ്ഞു ശ്രീപരമേശ്വരനെയും പ്രതിഷ്ഠിച്ചിട്ടുണ്ടു്. ദേവിയുടെ ഇടത്തുഭാഗത്തായി സപ്തമാതൃക്കളെ പ്രതിഷ്ഠിച്ചിരിക്കുന്നു.

ദേവിയെ പുറഃത്തക്കു് എഴുന്നള്ളിക്കേണമെങ്കിൽ ഏറാൾപ്പാട്ടു തമ്പുരാൻ ഒന്നിച്ചുവേണമെന്നു നിയമമുള്ളതുകൊണ്ടായിരിക്കണം താലിപ്പൊലി മുതലായവ അവിടെ ഇല്ലാത്തതു്. മേടത്തിൽ പൂരവും സദ്യയും പതിവുണ്ടു്. ഞായർ, ചൊവ്വാ, വെള്ളി ഈ ദിവസങ്ങൾ വളരെ പ്രധാനമാണു്.

പുഷ്പാഞ്ജലി, പായസം മുതലായ സാധാരണ വഴിവാടുകൾക്കു പുറമെ വിളക്കും മാലയും ഇവിടെ കിഴിക്കാറുണ്ടു്. വിളക്കും മാല അടിയന്തരംതൊട്ടു എല്ലാം വളരെ ആഡംബരത്തോടുകൂടി പലരും കഴിക്കുക പതിവുണ്ടു്. ഇതിനെല്ലാം പുറമെ കുരുതിക്കുടം എന്നൊന്നു കൊടിയാഴ്ച ദിവസങ്ങളിൽ വളരെ അധികം പതിവാണു്. കന്നുകാലികളെ സംബന്ധിച്ച ദീനങ്ങൾ ഇല്ലാതിരിക്കുവാനും മററു ബാധോപദ്രവാദികൾ നീങ്ങുവാനുമാണിതു്. ദേവിയുടെ അനുയായികളായ ദേവതകൾക്കാണു് കുരുതിക്കുടം കഴിക്കുന്നതു്. വഴിവാടായി ബ്രാഹ്മണിയമ്മയെക്കൊണ്ടു ദാരികവധം നടയിൽ ഒററക്കാലിൽ നിൎത്തി പാടിക്കാറുമുണ്ടു്.

## ശുദ്ധിപത്രം

| പേജ് | വരി | തെററ് | ശരി |
|---|---|---|---|
| 3 | 22 | പ്രാത്ഥ | പ്രാത്ഥന |
| 35 | 16 | എഴവാഞ്ചേരി | ആഴവാഞ്ചേരി |
| 36 | 4 | സന്നിധിൽ | സന്നിധിയിൽ |
| 37 | 16 | പൈൊടി | പൊടി |
| 42 | 5 | ഢദ്യ | സദ്യ |
| 45 | 18 | ഇടി | കൂടി |

# സാഹിത്യനിലയം പ്രസിദ്ധീകരണങ്ങളേപ്പററി
# ചില അഭിപ്രായങ്ങറം!

---

''ശ്രീമാൻ കെ. എ. പോറം എഴുതിയ 'ഡാമിയൻ' എന്ന ഗ്രന്ഥം ഞാൻ സശ്രദ്ധം വായിച്ചുനോക്കി. ഉൽകൃഷ്ടങ്ങളായ ജീവിതാദർശങ്ങളെ ഉറംക്കൊള്ളിച്ചുകൊണ്ടു് ഉജ്ജ്വലമായ ഭാഷയിൽ എഴുതിയിട്ടുള്ള ഒരുത്തമഗ്രന്ഥമാണു് 'ഡാമിയൻ' എന്നുള്ളതിനു് യാതൊരു സംശയവുമില്ല......ശുദ്ധവും ഉചിതവുമായ പദവിന്യാസംകൊണ്ടു തെളിഞ്ഞുവിളങ്ങുന്ന പ്രസ്തുത ഗ്രന്ഥത്തിലെ ഭാഷയും വിദ്യാർത്ഥികറംക്കു മാതൃകയായിത്തന്നെയിരിക്കുന്നു.''

### കവിതിലകൻ പി. ശങ്കരൻ നമ്പ്യാർ എം. എ

''ഭാഷാസാഹിത്യത്തിലെ ജീവചരിത്രശാഖയിൽ വിരിഞ്ഞ ഒരു മനോജ്ഞകുസുമമാണു് 'മാഡംക്യൂറി'—ഏതൊരു കേരളഭാഷാഭിമാനിയും വായിച്ചിരിക്കേണ്ട ഒരുൽകൃഷ്ടഗ്രന്ഥം!.......പ്രതിപാദനത്തിൽ ഒരു നോവലിൻെറ രസികതയും പരിണാമഗുപ്തിയും ഉടനീളം തെളിഞ്ഞുകാണാം....ഈ കൃതിയുടെ സാഹിത്യമൂല്യം വായിച്ചറിയേണ്ടതുതന്നെ.''

### "കേരളപത്രിക"

''.....വിശ്വകഥകളുടെ അനന്തരഭാഗങ്ങളും ശ്രീ: പോറം അചിരേണ പ്രസിദ്ധം ചെയ്യുമെന്നു് വിശ്വസിക്കുന്നു. കുലാഭംഗതികഞ്ഞ കഥകളുടെ മാതൃകകറം കാൺമാനാഗ്രഹിക്കുന്ന യുവജനങ്ങറം അശിക്ഷിതഹസ്തങ്ങളുടെ മാർഗ്ഗനിർദ്ദേശം സ്വീകരിക്കുന്നതിനുപകരം ഈ വിശ്വകഥകറം വായിച്ചനുകരിക്കുന്നതു് നന്നായിരിക്കും.''

### "ജയഭാരതം"

വിശ്വകഥകളേപററി ശ്രീ. എ. ബാലകൃഷ്ണപിള്ള ചെയ്ത പണ്ഡിതോചിതമായ ദീർഘനിരൂപണത്തിൽ പറയുന്നു: ''വീരം, ഭയാനകം, അത്ഭുതം, ആക്ഷേപഹാസം, 'ഫൺ' എന്നു് ഇംഗ്ലീഷിൽ പേരുള്ളതരം ഹാസം, എന്നീ രസങ്ങറം അടങ്ങിയ കഥകളാണു് ഈ സമാഹാരത്തിലുള്ളതു്.....ഇതിൽ ഗ്രന്ഥകാരൻ വിജയിച്ചിട്ടുണ്ടെന്നാണു് എൻെറ അഭിപ്രായം. ശ്രീ. പോളിൻെറ ഭാഷാരീതി പ്രസന്നവുമാണു്.''

### ശ്രീ. ഏ. ബാലകൃഷ്ണപിള്ള ബി. എ. ബി. എൽ.

''തിരിഞ്ഞെടുത്ത കഥകറം ഓരോന്നും ഉത്തമമാതൃകകളാണു്. രസഹീനമായ ഒരൊററ കഥപോലുമിതിലില്ല. ഭാഷാരീതി ആരും അഭിനന്ദിക്കും!''—വിശ്വകഥകളേപ്പററി

### "പരിഷത്തു് ത്രൈമാസികം"